---------- ഭാരതീയ റിസർവ് ബാങ്ക് -----------

**www.rbi.org.in**

RBI/2017-18/5
FIDD.GSSD.CO.BC.No.03/09.16.03/2017-18

ജൂലൈ 01, 2017

എല്ലാ ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകളുടെയും
ചെയർമാൻ /മാനേജിങ് ഡയറക്ടർ& സിഇഒ.

പ്രിയപ്പെട്ട സർ/മാഡം,

**മാസ്റ്റർ സർക്കുലർ-ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന മിഷൻ (ഡിഎ വൈ-എൻയുഎൽഎം)**

ഭാരത സർക്കാരിന്റെ ദേശീയ നഗര ഉപജീവന മിഷൻ (ഡിഎ) വൈ-എൻ യു എൽഎം) പ്രവർത്തനസജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ റിസർവ് ബാങ്ക് അതാതു കാലത്ത് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിഎ വൈ-എൻയുഎൽഎം-ന് കീഴിൽ സ്വയം തൊഴിൽ പദ്ധതി (എസ്ഇപി) പ്രവത്തനനിരതമാക്കുന്നതിനെക്കുറിച്ചുള്ള മാർഗനിർദ്ദേശരേഖകൾ ഭാരത സർക്കാരിന്റെ ഭവനനിർമ്മാണ-നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രാലയം (യുപിഎ) ഡിവിഷൻ) പരിഷ്ക്കരിച്ചിട്ടുണ്ട്. ഭവനനിർമ്മാണ-നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രാലയം പ്രാബല്യത്തിൽ വരുത്തിയ ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് പരിഷ്കരിച്ച മാസ്റ്റർ സർക്കുലർ പുറപ്പെടുവിക്കുകയും അത് ആർബിഐ വെബ്സൈറ്റ് www.rbi.org.in ൽ വിന്യസിക്കുകയും ചെയ്തിരിക്കുന്നു.

താങ്കളുടെ വിശ്വസ്തയുള്ള

(അജയകുമാർ മിശ്ര)
ചീഫ് ജനറൽ മാനേജർ

ഉള്ളടക്കം: മാസ്റ്റർ സർക്കുലർ

## മാസ്റ്റർ സർക്കുലർ: ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന മിഷൻ (ഡിഎ) വൈ -എൻയുഎൽഎം)

### പശ്ചാത്തലം

ഭാരത സർക്കാരിന്റെ ഭവന നിർമ്മാണ-നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രാലയം (എംഒഎച്ച് യുപിഎ) നിലവിലുള്ള സ്വർണ്ണ ജയന്തി സഹകാരി റോസ്ഗാർ യോജന (എസ്ജെഎസ്ആർ വൈ) പുനഃസംഘടിപ്പിക്കുകയും 2013 ൽ ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം) ആരംഭിക്കുകയും ചെയ്തു. 2013 സെപ്റ്റംബർ 24 മുതൽക്ക് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും (ജനസംഖ്യ കണക്കിലെടുക്കാതെ) ഒരു ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിലും എൻയുഎൽഎം പ്രയോഗത്തിൽ വരുത്തിയിരിക്കുന്നു. നഗരങ്ങളിലെ നിർദ്ധനരുടെ വ്യക്തിഗത-സംഘ സംരംഭങ്ങളും സ്വയംസഹായ സംരംഭങ്ങളും ആരംഭിക്കുന്നതിനെ തുണയ്ക്കാനായി നൽകുന്ന വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിലൂടെ ധനപരമായ സഹായം നല്കുന്നതിലാണ് എൻയുഎൽഎം ലെ സ്വയം തൊഴിൽ പദ്ധതി (എസ്ഇപി) ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എസ്ജെഎസ്ആർവൈ യുടെ കീഴിൽ യുഎസ്ഇപി (നഗര സ്വയം തൊഴിൽ പദ്ധതി), യുഡബ്ല്യു എസ്പി (നഗര വനിതാ സ്വയം-സഹായ പദ്ധതി) എന്നിവയ്ക്കായി മുൻപുണ്ടായിരുന്ന ക്യാപിറ്റൽ സബ്സിഡി വ്യവസ്ഥയ്ക്ക് പകരം, വ്യക്തിഗത സംരംഭം (എസ്ഇപി-I), ഗ്രൂപ്പ് സംരംഭം(എസ്ഇപി-ജി), സ്വയം സഹായസംഘങ്ങൾ (എസ്ഇപി-എസ്എച്ച്ജി കൾ) നടപ്പിലാക്കിയിരിക്കുന്നു. നഗര പ്രദേശങ്ങളിലെ നിർദ്ധനർക്കായി ഉപജീവനത്തിനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാരിന്റെ ഭവന നിർമ്മാണ നഗര ദാരിദ്ര്യലഘൂകരണ (യുപിഎ ഡിവിഷൻ) മന്ത്രാലയം 2016 ഫെബ്രുവരി 19 ന് പുറപ്പെടുവിച്ച അവരുടെ ഓഫീസ് മെമ്മോറാണ്ടം No. K -14011/2/2012 -UPA/FTS-5196 പ്രകാരം ദേശീയ ഉപജീവന മിഷന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ തീരുമാനമെടുത്തിരിക്കുന്നു. വർദ്ധിപ്പിച്ച വ്യാപ്തിയോടെയുള്ള മിഷനെ **"ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ-നഗര ഉപജീവനമിഷൻ (ഡിഎവൈ-എൻയുഎൽഎം)"** എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

ഡിഎ വൈഎൻയുഎൽഎം സ്വയം തൊഴിൽപദ്ധതി(എസ്ഇപി) ഘടകം പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള മാർഗനിർദേശരേഖകൾ താഴെപറയും പ്രകാരമാണ് .

**1.ആമുഖം:**

1.1. നഗര പ്രദേശങ്ങളിലെ നിർദ്ധനരുടെയിടയിലുള്ള തെരുവുകച്ചവടക്കാർ/ വഴിവാണിഭക്കാർ എന്നിവരുൾപ്പെടെയുള്ള വ്യക്തികൾക്കും/ സംഘങ്ങൾക്കും അവരുടെ നൈപുണ്യത്തിനും പരിശീലനത്തിനും അഭിരുചികൾക്കും പ്രദേശികസ്ഥിതിഗതികൾക്കും അനുയോജ്യമായ ലാഭകരമായ സ്വയംതൊഴിൽ ഉദ്യമങ്ങൾ/സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനപരമായ സഹായം നൽകാൻ എസ്ഇപി വ്യവസ്ഥചെയ്തിരിക്കുന്നു. ബാങ്കിൽ നിന്നും സുഗമമായ വായ്പ ലഭിക്കുവാനും എസ്എച്ച്ജി വായ്പകൾക്കായുള്ള പലിശ സബ്സിഡി ലഭിക്കുവാനുമായി നഗരപ്രദേശങ്ങളിലെ നിർധനരുടെ സ്വയംസഹായ സംഘങ്ങൾ (എസ്എച്ച്ജി)ക്ക് ഈ പദ്ധതി തുണയേകുകയും ചെയ്യുന്നു. തങ്ങളുടെ ഉപജീവനത്തിനായി സൂക്ഷ്മസംരംഭങ്ങളി ലേർപ്പെട്ടിരിക്കുന്ന മേൽപറഞ്ഞ ഗുണഭോക്താക്കൾക്കു സാങ്കേതിക വിദ്യ, വിപണനം മറ്റു രക്ഷണീയ സേവനങ്ങൾ എന്നിവ ലഭിക്കുന്നതിലും കൂടി എസ്ഇപി ശ്രദ്ധ കേന്ദ്രീ കരിക്കുകയും സംരംഭകരുടെ പ്രവർത്തന മൂലധനസംബന്ധമായ ആവശ്യങ്ങൾക്കായി ക്രെഡിറ്റ് കാർഡുകൾ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുന്നുമുണ്ട് .

1.2. നഗരപ്രദേശങ്ങളിലെ നിർദ്ധനരിൽ തൊഴിൽരഹിതരായിട്ടുള്ളവർക്കും യഥാർത്ഥത്തിൽ ചെയ്യാൻ സാധിക്കുന്നതിലും കുറവു ജോലി മാത്രം ലഭിച്ചിട്ടുള്ളവർക്കും അവരുടെ പ്രദേശത്തു ഗണ്യമായ ഡിമാൻഡ് ഉള്ള നിർമ്മാണം, സേവനം, ചെറുകിട ബിസിനസ് എന്നിവയുമായി ബന്ധപ്പെട്ട ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രോത്സാഹനം നൽകുന്ന തായിരിക്കും. പ്രദേശിക നൈപുണ്യങ്ങളെയും പ്രാദേശിക കരകൗശലത്തെയും പ്രത്യേകം പ്രോത്സാഹിപ്പിക്കേണ്ടതാണ്. പ്രയോജനകരമായ നൈപുണ്യങ്ങൾ, ഉത്പന്നങ്ങളുടെ വിപണനം, ചെലവുകൾ, സാമ്പത്തികമായ ജയസാധ്യത മുതലായവ കണക്കിലെടുത്തുകൊണ്ട് അത്തരം പ്രവർത്തനങ്ങളുടെ/ പദ്ധതികളുടെ ഒരു സംക്ഷിപ്തരൂപം ഓരോ അർബൻ ലോക്കൽ ബോഡി (യുഎൽബി)യും വികസിപ്പിച്ചെടുക്കണം.

1.3. ഗുണഭോക്താക്കളിൽ സ്ത്രീകളുടെ ശതമാനം മുപ്പതിൽ കുറയാൻ പാടില്ല. നഗര/ പട്ടണത്തിലെ നിർദ്ധനരുടെയിടയിൽ എസ് സി/എസ്ടി വിഭാഗങ്ങളുടെ അംഗസംഖ്യയ്ക്കാനുപാതികമായെങ്കിലും ആ വിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് മൂന്നു ശതമാനം സംവരണം ഏർപ്പെടുത്തുന്ന പ്രത്യേക വ്യവസ്ഥ ഉണ്ടാക്കണം. ന്യൂനപക്ഷ സമുദായ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ 15 ഇന പരിപാടി അനുസരിച്ച് ഈ വായ്പാ ഘടകത്തിന്റെ മൂർത്തവും ധനപരവുമായ ടാർജെറ്റുകളിൽ കുറഞ്ഞത് 15 ശതമാനമെങ്കിലും ന്യൂനപക്ഷ സമുദായങ്ങൾ ക്കായി നീക്കി വയ്ക്കേണ്ടതാണ്.

## 2. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കലും അപേക്ഷകൾ സ്പോൺസർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും:

അർബൻ ലോക്കൽ ബോഡി (യുഎൽബി)യിൽ നിന്നുള്ള കമ്മ്യൂണിറ്റി ഓർഗനൈസർമാരും(സിഒ)പ്രൊഫഷണലുകളും നഗരങ്ങളിലെ നിർധന ന്മാരിലുൾപ്പെടുന്ന ഗുണഭോക്താക്കളായിത്തീരാൻ പോകുന്നവരെ കണ്ടെത്തണം. ഡിഎവൈ-എൻയുഎൽഎം-ന്റെ ഘടകമായി സോഷ്യൽ മൊബിലൈസേഷൻ & ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെൻറ് (എസ്എം&ഐഡി)-ന് കീഴിൽ രൂപം കൊണ്ട കമ്മ്യൂണിറ്റി ഘടനകളായ സ്വയംസഹായ സംഘങ്ങൾ (എസ്എച്ച്ജികൾ) ഏരിയ ലെവൽ ഫെഡറേഷനുകൾ (എഎൽഎഫ്-കൾ)എന്നിവയും, എസ്ഇപി പ്രകാരം ധനപരമായ സഹായം ലഭിക്കുന്നതിലേക്കായി ഗുണഭോക്താക്കളായിത്തീരാൻ പോകുന്ന വ്യക്തികളെയും ഗ്രൂപ്പ്സംരംഭകരെയും യുഎൽബി യിലേക്ക് നിർദ്ദേശിക്കുകയും വേണം. ഗുണഭോക്താക്കൾക്ക് യുഎൽബി യെയോ അല്ലെങ്കിൽ അതിന്റെ പ്രതിനിധികളെയോ സഹായത്തിനായി നേരിട്ട് സമീപിക്കാവുന്നതാണ്. ബാങ്കുകൾക്കും അവരുടെ പക്കലുള്ള ഗുണഭോക്താക്കളായിത്തീരാൻ പോകുന്നവരെ കണ്ടെത്തുകയും അവരുടെ കാര്യം പരിഗണനയ്ക്കായി യുഎൽബിയിലേക്ക് നേരിട്ട് അയച്ചുകൊടുക്കുകയും ചെയ്യാവുന്നതാണ്. ബാങ്കുകൾ ഇക്കാര്യത്തിൽ അവരുടെ വ്യാപനം വർദ്ധിപ്പിക്കാനായി അവരുടെ പട്ടികയിലുള്ള ബിസിനസ്സ് കറസ്പോണ്ടന്റുമാർ (ബിസി) ബിസിനസ്സ് ഫസിലിറ്റേറ്റർമാർ (ബിഎഫ്) എന്നിവരുടെ സേവനം ഉപയോഗിക്കുകയും വേണം. ഇക്കാര്യത്തിൽ ബാങ്കിന്റെ നയമനുസരിച്ചുള്ള തക്കതായ ജാഗ്രത പാലിക്കേണ്ടതുണ്ട്.

2.1. വ്യക്തികൾക്കും സംഘസംരംഭങ്ങൾക്കുമായുള്ള വായ്പാപേക്ഷകൾ അവരുടെ സ്പോൺസറിങ് ഏജൻസിയായ അർബൻ ലോക്കൽ ബോഡി (യു എൽ ബി) സ്പോൺസർ ചെയ്യുന്നതായിരിക്കും.

2.2. എസ്ഇപിയെ സംബന്ധിച്ച് ഗുണഭോക്താക്കളായിത്തീരാൻ പോകുന്നവരിൽ അവബോധം സൃഷ്ടിക്കുന്നതിന് യുഎൽബി ബഹുജന മാധ്യമ പ്രചാരണപരിപാടികൾ, ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ (ഐഇസി) പ്രവർത്തനങ്ങൾ, പ്രാദേശിക വർത്തമാന പത്രങ്ങൾ, പരസ്യങ്ങൾ, സിറ്റി ലൈവ് ലിഹുഡ്സ് സെന്ററുകൾ (സിഎൽസി) മുതലായ മാർഗ്ഗങ്ങൾ ഉപയോഗിക്കേ ണ്ടതാണ്. റിസോഴ്സ് ഓർഗനൈസേഷനുകളുടെയും സ്വന്തം ഫീൽഡ് സ്റ്റാഫിന്റെയും സജീവമായ പങ്കാളിത്തം വഴി ഈ ഘടകത്തെ സംബന്ധിച്ച വിവരങ്ങൾ യുഎൽബി പ്രചാര പ്പെടുത്തുകയും വേണം.

2.3 ഒരു സംരംഭം ആരംഭിക്കാനായി ധനപരമായ സഹായം തേടാൻ ആഗ്രഹിക്കുന്ന ഗുണഭോക്താക്കൾ ബന്ധപ്പെട്ട യുഎൽബി മേലധി കാരികൾക്ക് ഉദ്ദേശ്യലക്ഷ്യം വെളിപ്പെടുത്തിക്കൊണ്ട് വെള്ള കടലാസിൽ ഒരു അപേക്ഷ സമർപ്പിക്കണം. അപേക്ഷയിൽ ഇനിപ്പറയുന്ന പ്രാഥമിക വിവരങ്ങൾ നൽകിയിരിക്കണം: പേര്, വയസ്സ്, ബന്ധപ്പെടാനുള്ള വിവരങ്ങൾ, മേൽവിലാസം, ആധാർ വിവരങ്ങൾ (ഉണ്ടെങ്കിൽ), ആവശ്യപ്പെടുന്ന വായ്പത്തുക, ബാങ്ക് അക്കൗണ്ട് നമ്പർ (ലഭ്യമെങ്കിൽ) സംരംഭത്തിന്റെ/ പ്രവർത്തനത്തിന്റെ സ്വഭാവം, വിഭാഗം മുതലായവ. മെയിൽവഴിയോ/പോസ്റ്റ്

മാർഗ്ഗമോ യുഎൽബി ഓഫീസിലേക്ക് അപേക്ഷ അയയ്ക്കാം. അത്തരം അപേക്ഷകൾ യുഎൽബി വർഷത്തിലുടനീളം സ്വീകരിക്കുന്നതാ യിരിക്കും.

2.4. ഡിഎവൈ-എൻയുഎൽഎം ഘടകമായ സോഷ്യൽ മൊബിലൈസേഷൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്പ്മെന്റ് (എസ്എം&ഐഡി)ന് കീഴിലായി രൂപീകരിക്കപ്പെട്ട കമ്മ്യൂണിറ്റി ഘടനകളായ സ്വയംസഹായസംഘങ്ങൾ (എസ്എച്ച്ജി)/ഏരിയാ ലെവൽ ഫെഡറേഷനുകൾ (എഎൽഎഫ്) എന്നിവയ്ക്കും എസ്ഇപി പ്രകാരമുള്ള ധനപരമായ സഹായം, അത് ആവശ്യമുള്ള വ്യക്തികൾക്കായും സംഘസംരംഭകർക്കായും ലഭിക്കുന്ന തിലേക്കുള്ള അപേക്ഷകൾ യുഎൽബിക്ക് അയച്ചുകൊടുക്കാവു ന്നതാണ്.

2.5. ഗുണഭോക്താവിൽ നിന്നുമുള്ള അപേക്ഷ സമർപ്പിക്കപ്പെട്ടാൽ/ കൈപ്പറ്റിയാൽ ബന്ധപ്പെട്ട യുഎൽബി അതിലെ വിവരങ്ങൾ ഒരു രജിസ്റ്ററിൽ അല്ലെങ്കിൽ എംഐഎസ് ഉണ്ടെങ്കിൽ അതിൽ രേഖപ്പെടുത്തുകയും അപ്രകാരം ഗുണഭോക്താക്കളുടെ ഒരു വെയിറ്റിങ് ലിസ്റ്റ് ഉണ്ടാക്കുകയും ചെയ്യണം. യുഎൽബി ഒരു യൂണിക് രജിസ്ട്രേഷൻ നമ്പരോടുകൂടി ഗുണഭോക്താവിന് ഒരു കൈപ്പറ്റു കുറി നൽകും. അപേക്ഷയുടെ സ്ഥിതി കണ്ടുപിടിക്കാൻ വേണ്ട ഒരു റഫറൻസ് നമ്പറായി യൂണിക് രജിസ്ട്രേഷൻ നമ്പർ ഉപയോഗിക്കാം.

2.6. വെയിറ്റിങ് ലിസ്റ്റിലെ ക്രമപ്രകാരം, യുഎൽബി ഗുണഭോക്താക്കളെ വിളിക്കുകയും, ലോൺ ആപ്ലിക്കേഷൻ ഫോറം (എൽഎഎഫ്) പൂരിപ്പിക്കുകയും, പ്രവർത്തനസംബന്ധമായ വിവരങ്ങൾ, തിരിച്ചറിയൽ രേഖ, മേൽവിലാസരേഖ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തുടങ്ങിയവ ശേഖരിക്കുക എന്നീ കാര്യങ്ങൾ ചെയ്തുകൊണ്ട് ആവശ്യമായ പ്രമാണങ്ങൾ ചമയ്ക്കുകയും ചെയ്യും. ഗുണഭോക്താവിന്റെ സ്വത്വം ബോധ്യപ്പെടുവാനായി അയാളുടെ /അവരുടെ ആധാർ നമ്പറും രേഖപ്പെടുത്തുന്നതാണ്. ഗുണഭോക്താവിന് ആധാർകാർഡ് ഇല്ലാത്തപക്ഷം, വോട്ടർകാർഡ്, ഡ്രൈവിങ് ലൈസൻസ് മുതലായ മറ്റേതെങ്കിലും അനന്യമായ തിരിച്ചറിയൽ രേഖ സ്വീകരിക്കുകയും കഴിയുംവേഗം ആധാർകാർഡ് ലഭിക്കുന്നതിനായി സഹായിക്കുകയും ചെയ്യുന്നതാണ്. സംസ്ഥാന നഗര ഉപജീവനമിഷൻ (എസ് യു എൽഎം), സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) കൺവീനർ ബാങ്കുമായി കൂടിയാലോചിച്ച് അനുയോജ്യമായ ഒരു ലോൺ ആപ്ലിക്കേഷൻ ഫോറം (എൽഎഎഫ്) വികസിപ്പിച്ചെടുക്കുന്നതാണ്. ഇതേ ലോൺ ആപ്ലിക്കേഷൻ ഫോറം തന്നെ സംസ്ഥാനത്ത്/കേന്ദ്രഭരണപ്രദേശത്ത് ഒന്നാകെ ഉപയോഗിക്കാൻ കഴിയുന്നതാണ്. ഗുണഭോക്താവിന്റെയും അയാളുടെ/അവരുടെ കുടുംബ ത്തിന്റെയും സാമ്പത്തിക സ്ഥിതിയെക്കുറി ച്ചുള്ള അടിസ്ഥാന വിവരം ലോൺ ആപ്ലിക്കേഷൻ ഫോറം (എൽഎഎഫ്) ത്തിലുൾപ്പെട്ടിരിക്കും. ഈ വിവരം പിന്നീടൊരു ഘട്ടത്തിൽ അയാളുടെ/ അവരുടെ സാമ്പത്തിക സ്ഥിതിയിൽ വരുന്ന പ്രഭാവത്തെ വിശകലനം ചെയ്യുവാനായി ഉപയോഗപ്പെടുത്തക്കവിധ ത്തിലുള്ളതായിരിക്കും.

2.7. യുഎൽ ബി തലത്തിൽ രൂപീകരിച്ച ഒരു ടാസ്ക് ഫോഴ്സ്, അപേക്ഷകളെ പ്രവൃത്തിപരിചയം, നൈപുണ്യം, സംരംഭത്തിന്റെ വിജയസാധ്യത, സംരംഭത്തിന്റെ ഉദ്ദേശ്യലക്ഷ്യം എന്നിവയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കും. തുടർന്ന് ടാസ്ക്ഫോഴ്സ് അപേക്ഷകളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കുകയും, ശിപാർശ ചെയ്യുകയോ അല്ലെങ്കിൽ അപേക്ഷ നിരസിക്കുകയോ ചെയ്യുന്നതിന് മുൻപായി

അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയോ, ആവശ്യമെന്നു കാണുന്ന പക്ഷം അപേക്ഷകനിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്യും.

2.8. ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന്റെ ചുമതലയും ടാസ്ക് ഫോഴ്സിന്റെ ചെയർമാൻ പദവിയും യുഎൽബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ)/ മുനിസിപ്പൽ കമ്മീഷണർ ക്കായിരിക്കും. യുഎൽബിയുടെ വലുപ്പം/അംഗബലം എന്നതിനെ അടിസ്ഥാനമാക്കി യുഎൽബി തലത്തിൽ ഒന്നിലധികം ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയുമാവാം.

2.9. ടാസ്ക് ഫോഴ്സിന്റെ നിർദേശിക്കപ്പെട്ടിരിക്കുന്ന സംവിധാനം താഴെപറയും പ്രകാരമാണ്.

| ക്രമനമ്പർ | യുഎൽബി തലത്തിലെ ടാസ്ക് ഫോഴ്സ് | പദവി |
|---|---|---|
| 1. | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (സിഇഒ) യുഎൽബി/യുഎൽബിയുടെ മുനിസിപ്പൽ കമ്മീഷണർ/അല്ലെങ്കിൽ യുഎൽബിയുടെ സിഇഒ അധികാരപ്പെടു ത്തിയിട്ടുള്ള ഏതെങ്കിലും പ്രതിനിധി. | ചെയർമാൻ |
| 2. | ലീഡ് ഡിസ്ട്രിക്ട് മാനേജർ(എൽഡി എം) | മെമ്പർ |
| 3. | സിറ്റി പ്രോജെക്ട് ഓഫീസർ (സിപിഒ), യുഎൽബി)/ അല്ലെങ്കിൽ യു എൽ ബി യുടെ ഏതെങ്കിലും അംഗീകൃത പ്രതിനിധി | മെമ്പർ കൺവീനർ |
| 4. | ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ (ഡി ഐ സി) യുടെ പ്രതിനിധി | മെമ്പർ |
| 5. | ബാങ്കുകളുടെ സീനിയർ മാനേജർമാർ (പരമാവധി -2 ) | മെമ്പർ |
| 6. | ഏരിയ ലെവൽ ഫെഡറേഷൻ/സിറ്റി ലെവൽ ഫെഡറേഷൻ പ്രതിനിധികൾ (2 ) | മെമ്പർ |

2.10. തുടർന്ന് അപേക്ഷകൾ അനുയോജ്യമായി കാണുന്നപക്ഷം ടാസ്ക് ഫോഴ്സ് അവ ശിപാർശ ചെയ്യുകയും അനുയോജ്യമല്ലെന്ന് കണ്ടാൽ അവ നിരസിക്കുകയോ, അല്ലെങ്കിൽ പുനഃപരിശോധനക്കായി ഓരോ അപേക്ഷയേയും സംബന്ധിച്ചു ആവശ്യമായി വരുന്ന കൂടുതൽ വിവരങ്ങൾ സമർപ്പിക്കാൻ ഗുണഭോക്താവിനോട് ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്.

2.11. ടാസ്ക്ഫോഴ്സ് ഉചിതമായി ശിപാർശ ചെയ്ത അപേക്ഷകൾ യുഎൽബി തുടർനടപടികൾക്കായി ബന്ധപ്പെട്ട ബാങ്കുകൾക്ക് അയച്ചു കൊടുക്കുന്നതാണ്. ടാസ്ക്ഫോഴ്സ് അപ്രകാരം ശിപാർശ ചെയ്ത അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കുകൾ 15 ദിവസത്തെ കാലയളവിനുള്ളിൽ കൈകാര്യം ചെയ്യേണ്ടതാണ്. അപേക്ഷകൾ ടാസ്ക്ഫോഴ്സ് ശിപാർശ ചെയ്ത് അയച്ചതാകയാൽ അവ അസാധാരണ സാഹചര്യങ്ങളിൽ മാത്രമേ ബാങ്കുകൾക്ക് നിരസിക്കാൻ കഴിയുകയുള്ളൂ.

2.12. ബാങ്കുകൾ അവർക്കു ലഭിച്ച അപേക്ഷകളുടെ സ്ഥിതിയെക്കുറിച്ചു അതതു കാലത്ത് യു എൽ ബി യ്ക്ക് ഒരു റിപ്പോർട്ട് അയക്കേണ്ടതാണ്. എം ഐ എസ് രീതി ഉപയോഗിക്കുന്നുണ്ടെങ്കിൽ കൈക്കുറി എഴുത്തിനു പുറമെ ഓൺലൈൻ ആയി അപേക്ഷയുടെ അവസ്ഥ അപ്പഴപ്പോൾ പുതുക്കി അറിയിക്കാൻ ബാങ്കുകളെ അനുവദിക്കാവുന്നതാണ്.

2.13. യുഎൽബി യിൽ നിന്നും മുൻകൂറായി സ്പോൺസർ ചെയ്യേണ്ടതി ന്റെ ആവശ്യമില്ലാതെ തന്നെ, പ്രധാനമന്ത്രി മുദ്ര യോജന (പിഎിംഎിംവൈ) അല്ലെങ്കിൽ അത് പോലുള്ള മറ്റേതെങ്കിലും പദ്ധതികൾ എന്നിവ യ്ക്കായുള്ള മാർഗ്ഗനിർദ്ദേശരേഖകൾ പ്രകാരമുള്ള പ്രസക്തമായ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾക്ക് വായ്പാപേക്ഷകൾ നേരിട്ട് സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. ബാങ്കുകൾ അപ്രകാരം അവർ അനുവദിച്ച വായ്പകളുടെ വിശദ വിവരങ്ങൾ, ഡിഎ വൈ-എൻയുഎൽഎം പദ്ധതിയിലെ പലിശ സബ്സിഡിക്കായുള്ള ഗുണഭോക്താക്കളുടെ അർഹത സ്ഥിരീകരിക്കാനായി യു എൽ ബി കൾക്ക് അയച്ചു കൊടുക്കേണ്ടതാണ്. ഈ അപേക്ഷകൾ മറ്റു വിധത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണെങ്കിൽ അപേക്ഷകളുടെ സൂക്ഷ്മ പരിശോധനക്കായി രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സ് അവയ്ക്ക് സത്വരമായി അനുമതി നൽകേണ്ടതാണ്. ഗുണഭോക്താ ക്കളുടെ അർഹതയെക്കുറിച്ചുള്ള സ്ഥിരീകരണം ലഭിച്ചു കഴിഞ്ഞാൽ, യു എൽ ബികൾ സ്പോൺസർ ചെയ്യുന്ന ഗുണഭോക്താക്കൾക്കായുള്ള പലിശ സബ്സിഡി ക്ലെയിം ചെയ്യുന്ന അതേ രീതിയിൽത്തന്നെ യുഎൽബി കളിൽ പലിശ സബ്സിഡിയ്ക്കായുള്ള ക്ലെയിം ഉന്നയിക്കേണ്ടതാണ്. സബ്സിഡി ഡിഎവൈ-എൻയുഎൽഎം ഗുണഭോക്താക്കളുടെ വായ്പാ അക്കൗണ്ടുകളിലേക്ക് നേരിട്ട് അയക്കുന്നതായിരിക്കും. ഇത് ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സംബന്ധമായ നടപടി ക്രമത്തിന് ഇണങ്ങു ന്നതുമാണ്.

**3.** വിദ്യാഭാസ യോഗ്യതകളും പരിശീലത്തിന്റെ ആവശ്യകതയും

ഈ പദ്ധതിയുടെ ഉപഭോക്താക്കളായിത്തീരാൻ പോകുന്നവരുടെ ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ച് എന്തെങ്കിലും നിബന്ധനയില്ല എന്നു വരികിലും സൂക്ഷ്മ-സംരംഭ വികസനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന പ്രവർത്തനത്തിന് ചില പ്രത്യേക നൈപുണ്യങ്ങൾ ആവശ്യമാണെങ്കിൽ ധനപരമായ സഹായം നൽകുന്നതിനും മുൻപായി ഗുണഭോക്താക്കൾക്ക് ഉചിതമായ പരിശീലനം നൽകേണ്ടതാണ്.

3.1. നൈപുണ്യ പരിശീലനവും പ്ലേസ്മെൻറും വഴി ഉപജീവനം. (എംപ്ളോയ്മെൻറ് ത്രൂ സ്കിൽസ് ട്രെയിനിംഗ് ആൻറ് പ്ലേസ്മെൻറ് (ഇഎസ്ടി&പി)

ഗുണഭോക്താവായിത്തീരാൻ പോകുന്ന വ്യക്തി, നിർദ്ദിഷ്ട സൂക്ഷ്മ-സംരംഭം നടത്തികൊണ്ടുപോകുന്നതിനാവശ്യമായ നൈപുണ്യം സമ്പാദിച്ചുകഴിഞ്ഞതിനു ശേഷം മാത്രമേ ധനപരമായ സഹായം അനുവദിക്കാവൂ. ഗുണഭോക്താവ് ഇതിനകം തന്നെ ഒരു അറിയപ്പെടുന്ന സ്ഥാപനത്തിൽ നിന്നോ, രജിസ്റ്റർ ചെയ്തിട്ടുള്ള എൻ ജിഒ/സന്നദ്ധസംഘടനയിൽ നിന്നോ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ പദ്ധതിയിൻ കീഴിലോ പരിശീലനം സിദ്ധിക്കുകയും ഇതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ പരിശീലനം അത്യാവശ്യമായി വരില്ല. ഗുണഭോക്താവ് തന്റെ കുല ത്തൊഴിലിൽ നിന്നും ആവശ്യമായ നൈപുണ്യം സമ്പാദിച്ചിട്ടുള്ള അവസ്ഥയിലാണെങ്കിൽ അക്കാര്യം ധനപരമായ സഹായം നൽകുന്നതിനും മുൻപായി യുഎൽബി സാക്ഷ്യപ്പെടുത്തിയിരി ക്കേണ്ടതാകുന്നു.

3.2. സംരംഭകത്വ വികസനപരിപാടി (ഓൻട്രെപ്രോണോർഷിപ്പ്) ഡെവലപ്മെൻറ് പ്രോഗ്രാം-ഇഡിപി) :

ഗുണഭോക്താക്കൾക്കായുള്ള നൈപുണ്യ പരിശീലനത്തിനും പുറമെ വ്യക്തികൾക്കും ഗ്രൂപ്പ് സംരംഭകർക്കുമായി 3-7 ദിവസം സംരംഭകത്വ വികസന പരിപാടി നടത്തുന്നതിനായുള്ള അവസരം യു എൽ ബി ഒരുക്കുന്നതായിരിക്കും. ഇ ഡി പി യിൽ ഉൾപ്പെടുന്ന വിഷയങ്ങളിൽ ഒരു സംരംഭത്തിന്റെ നടത്തിപ്പ്, അടിസ്ഥാനയോഗ്യമായ കണക്കെഴുത്തു രീതി, സാമ്പത്തിക കൈകാര്യം, വിപണനം ബാക്ക് വേർഡ്-ഫോർ വേർഡ് ലിങ്കേജുകൾ, നിയമപരമായ നടപടിക്രമങ്ങൾ, ഉത്പാദനച്ചെലവും വരുമാനവും തുടങ്ങി സംരംഭകത്വ വികസന സംബന്ധമായ അടിസ്ഥാനപരമായ കാര്യങ്ങളു ണ്ടായിരിക്കും. മേൽപ്പറഞ്ഞ വിഷയങ്ങൾക്കു പുറമെ പഠന പദ്ധതിയിൽ സംഘചാലക ശക്തി, പ്രവൃത്തിവിന്യാസം, ഗ്രൂപ്പ് സംരംഭങ്ങളുടെ ലാഭം വീതിക്കുന്നതിനുള്ള സംവിധാനം മുതലായവയും ഉണ്ടായിരിക്കേണ്ടതാണ്.

3.3. സ്റ്റേറ്റ് മിഷൻ മാനേജ്മെൻറ് യൂണിറ്റ് (എസ്.എം.എം.യു) നൽകുന്ന പിന്തുണയോടെയും ഒരു അംഗീകൃത സ്ഥാപനം/ഏജൻസി അല്ലെങ്കിൽ യു.എൽ.ബി. യുടെ പരിശീലന പരിപാടി നടത്താനായി ഉപയോഗിക്കാവുന്ന ഒരു കൺസൾട്ടിങ് കമ്പനിയുടെ സഹായത്തോടെയും സംസ്ഥാന നഗര ഉപജീവന മിഷൻ (എസ്.യു.എൽ.എം) ഇഡിപി പഠനപദ്ധതി പാകമാക്കുകയും തീർപ്പാക്കുകയും ചെയ്യേണ്ടതാണ്. ഇഡിപി പരിശീലന പരിപാടി ക്രമീകരിക്കേണ്ടത് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനങ്ങൾ (ആർ.എസ്.ഇ.ടി.ഐ), സംരംഭകത്വ വികസനം/പരിശീലനം, നടത്തിപ്പ്/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംരംഭകത്വ വികസനം/പരിശീലനം മുതലായ രംഗങ്ങളിൽ പ്രവർത്തിക്കുന്ന പ്രശസ്ത എൻജിഒ കൾ എന്നിവ മുഖേനയായിരിക്കണം.

3.4. വ്യക്തിഗത സംരംഭകർക്കും ഗ്രൂപ്പ് സംരംഭകർക്കും നൽകുന്ന തുടർപിന്തുണ :

വ്യക്തികൾ ഒറ്റക്കൊറ്റയ്ക്കു നടത്തുന്ന സംരംഭങ്ങൾക്കും ഗ്രൂപ്പുകളായി നടത്തുന്ന സംരംഭങ്ങൾക്കും ധനപരമായ സഹായം ലഭ്യമാക്കിയ തിനുശേഷം യുഎൽബി ആവശ്യമായ ഘട്ടങ്ങളിൽ സംരംഭകത്വ വികസന പരിപാടി (ഇഡിപി) തുടർന്നും സംഘടിപ്പി ക്കുന്നതാണ്. അപ്രകാരമുള്ള പരിപാടികൾ വായ്പ നൽകിയിട്ടുള്ള ഓരോ ഗുണഭോക്താവിനുമായി ആറു മാസത്തിലൊരിക്കൽ എന്ന ഉത്തമമായ കാലയളവിൽ നടത്തേണ്ടതാണ്. ഇഡിപി യുടെ അനുധാവന പരിപാടികൾ സംഘടിപ്പിക്കുന്ന വേളയിൽ ഗുണഭോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വിഷമങ്ങളും ചർച്ച ചെയ്യേണ്ടതും, അവയ്ക്ക് പരിഹാരം നിർദ്ദേശിക്കേണ്ടതുമാണ്.

**4. ധനപരമായ സഹായത്തിന്റെ മാതൃകാ രൂപം:**

വ്യക്തികൾ ഒറ്റയ്ക്ക് നടത്തുന്ന സംരംഭങ്ങളും ഗ്രൂപ്പുകളായി നടത്തുന്ന സംരംഭങ്ങളും ആരംഭിക്കുന്ന കാര്യത്തിൽ നഗരപ്രദേശങ്ങളിലെ ദരിദ്രർക്ക് നൽകാവുന്ന ധനപരമായ സഹായം പലിശ സബ്സിഡിയുടെ രൂപത്തിലുള്ളതായിരിക്കും. വ്യക്തികൾ ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുന്ന സംരംഭങ്ങളും ഗ്രൂപ്പുകളായി നടത്തുന്ന സംരംഭങ്ങളും ആരംഭിക്കുന്നതിനായി നൽകുന്ന ബാങ്ക് വായ്പകളിന്മേൽ ഈടാക്കുന്ന പലിശയിൽ ഏഴ് ശതമാനത്തിനും മീതെയുള്ള പലിശയാണ് സബ്സിഡിയായി ലഭിക്കുക. ഏഴ്

ശതമാനം പ്രതിവർഷനിരക്കും, ബാങ്ക് ഈടാക്കുന്ന പലിശയുടെ നിരക്കും തമ്മിലുള്ള വ്യത്യാസമാണ് ഡിഎവൈ-എൻയുഎൽഎം പദ്ധതിപ്രകാരം ബാങ്കുകൾക്ക് നൽകുക. വായ്പ കൃത്യമായി തിരിച്ചടച്ചാൽ മാത്രമേ പലിശ സബ്സിഡി നൽകുകയുള്ളൂ. ഇക്കാര്യത്തിൽ ബാങ്കുകളിൽ നിന്നും ഉചിതമായ സാക്ഷ്യപ്പെടുത്തൽ ലഭിച്ചിരിക്കണം. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന എല്ലാ വനിതാ സ്വയംസഹായസംഘ (ഡബ്ലിയു.എസ്.എച്ച്.ജി-കൾ) ങ്ങൾക്കും മൂന്ന് ശതമാനം പലിശ സബ്സിഡി അധികമായി ലഭിക്കുന്നതാണ്. പലിശ സബ്സിഡി വായ്പയുടെ കൃത്യമായ തിരച്ചടവിനു (വായ്പ തിരിച്ചടവ് പട്ടികപ്രകാരം) വിധേയമായിട്ടായിരിക്കും ലഭിക്കുക. ഇക്കാര്യത്തിൽ യുഎൽബി ബാങ്കുകളിൽ നിന്നും ഉചിതമായ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം. അർഹരായ വനിതാ സ്വയം സഹായസംഘങ്ങൾക്ക് മൂന്ന് ശതമാനം അധിക പലിശ സബ്സിഡി തിരിച്ചു നൽകുന്നതായിരിക്കും. ബാങ്കുകൾ അർഹരായ വനിതാ സ്വയം സഹായ സംഘങ്ങളുടെ അക്കൗണ്ടുകളിൽ മൂന്ന് ശതമാനം പലിശ സബ്സിഡി വരവു വയ്ക്കുകയും അതിനുശേഷം അത് മടക്കിക്കിട്ടാനായി യുഎൽബിയെ സമീപിക്കേണ്ടതുമാണ്.

5. **ബാങ്കുകൾക്ക് പലിശ സബ്സിഡി ലഭിക്കാനുള്ള നടപടിക്രമം:**

5.1. കോർബാങ്കിങ് സൊല്യൂഷൻ (സിബിഎസ്) വേദിയിലുള്ള എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്ക് (എസ്.സി.ബി-കൾ) കളും ഈ പദ്ധതി പ്രകാരമുള്ള പലിശ സബ്സിഡി ലഭിക്കാൻ യോഗ്യതയുള്ളവയായിരിക്കും.

5.2. ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്തതിനുശേഷം ബന്ധപ്പെട്ട ബാങ്ക് ശാഖ അത് വിതരണം ചെയ്ത വായ്പകളുടെ വിശദവിവരങ്ങൾ പലിശ സബ്സിഡിത്തുകയുടെ വിശദവിവരങ്ങളും ചേർത്ത് യുഎൽബിക്ക് അയച്ചുകൊടുക്കണം.

**നടപടിക്രമം 1**

5.3 ബാങ്കുകൾ നൽകുന്ന ക്ലെയിമുകൾ തീർപ്പാക്കുന്നത് പാദവർഷാടിസ്ഥാനത്തിലാണെങ്കിലും ക്ലെയിമുകൾ പ്രതിമാസാടിസ്ഥാനത്തിൽ സമർപ്പിക്കേണ്ടതാണ്. അയച്ചുകൊടുക്കുന്ന വിവരങ്ങൾ യുഎൽബി പരിശോധിക്കുകയും പലിശ സബ്സിഡിത്തുക (പ്രതിവർഷം ഏഴ് ശതമാനം എന്ന നിരക്കും നിലവിലുള്ള നിരക്കും തമ്മിലുള്ള വ്യത്യാസം) ബാങ്കുകൾക്ക് വിട്ടു കൊടുക്കുന്നതുമാണ്.

5.4 ഈ വായ്പാഘടകപ്രകാരമുള്ള വായ്പകളുടെ പലിശ സബ്സിഡിക്കായി നൽകേണ്ട ഒരു നിർദ്ദിഷ്ട ഫോർമാറ്റ് (അനുബന്ധം-1ൽ) ഉള്ളടക്കം ചെയ്തിരിക്കുന്നു.

5.5. ക്ലെയിമുകൾ ഒരു പാദവർഷത്തിലുമധികം തീരുമാനിക്കാത്തവയായി തുടരാൻ പാടില്ല. ബാങ്കുകളുടെ ക്ലെയിമുകൾ ആറ് മാസക്കാല യളവിനുള്ളിൽ തീർപ്പാക്കപ്പെടാത്തപക്ഷം, അത്തരം യുഎൽബികൾ ക്ലെയിമുകൾ അനുവദിക്കുന്നതിനു വിധേയമായി, തിരഞ്ഞെടുത്ത നഗരങ്ങളിൽ പദ്ധതി താത്ക്കാലികമായി നിർത്തിവയ്ക്കാൻ എസ്എൽബിസി യ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അത്തരം സംഭാവ്യാവസ്ഥകളിൽ ക്ലെയിം തീർപ്പാക്കൽ മേലാൽ ലീഡ് ഡിസ്ട്രിക്ട് ബാങ്കിന് നൽകേണ്ടതാണ്.

നടപടിക്രമം - II

**5.6. ക്ലെയിമുകൾ തീർപ്പാക്കൽ :**

പലിശ സബ്സിഡി വിട്ടുകൊടുക്കുന്നതിനായുള്ള നോഡൽ ഏജൻസി :

ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി)യുമായി കൂടിയാലോചിച്ച് ഓരോ സംസ്ഥാനത്തും ഒരു പൊതുമേഖല ബാങ്കിനെ നോഡൽ ബാങ്കായി നിയോഗിക്കേണ്ടതാണ്. എല്ലാ ബാങ്കുകളും പലിശ സബ്സിഡി വിവരങ്ങൾ അവരുടെ ശാഖകളിൽ നിന്നും സമാഹരിക്കുകയും നോഡൽ ബാങ്കിന്റെ പോർട്ടലിൽ അത് അപ്ലോഡ് ചെയ്യുകയും വേണം. കണക്കുകൾ ബോധ്യപ്പെട്ടതിനുശേഷം നോഡൽബാങ്ക് പലിശ സബ്സിഡി ബാങ്ക് ശാഖകളിലേക്ക് കൈമാറും. സംസ്ഥാന/കേന്ദ്ര ഭരണപ്രദേശം കുറച്ച് കരുതൽധനം മുൻകൂറായി നോഡൽ ബാങ്കിൽ അടയ്ക്കുന്നതാണ്. ഡിഎവൈ-എൻയുഎൽഎം മാർഗ്ഗനിർദ്ദേശരേഖ കൾക്കനുസരിച്ച് നോഡൽബാങ്ക് ഒരു കരുതൽ ധനം ബാങ്കു ശാഖകൾക്ക് വിട്ടു കൊടുക്കും. പണം മടക്കി നൽകുന്നതിന്റെ വിവര ങ്ങൾ നോഡൽബാങ്ക് മുടക്കം കൂടാതെ എസ് യുഎൽഎം ന് അയച്ചുകൊടുക്കുന്നതായിരിക്കും. ഈ നടപടിക്രമം മൂന്ന് ഇനങ്ങളിലുമുള്ള, അതായത്, എസ്ഇപിI (ഐ)), എസ്.ഇപി(ജി), എസ്എച്ച്ജി-ബാങ്ക് ലിങ്കേജ് വായ്പകളിലും പിന്തുടരേണ്ടതാണ്.

6. **വ്യക്തികൾ ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുന്ന സംരംഭങ്ങൾ** എസ്ഇപി (ഐ)), **വായ്പയും സബ്സിഡിയും.**

സ്വയം തൊഴിലിനായി ഒറ്റയ്ക്ക് ഒരു സൂക്ഷ്മ സംരംഭം ആരംഭിക്കുന്നതിനായി ആഗ്രഹിക്കുന്ന, നഗരപ്രദേശത്തെ ദരിദ്രനായ ഒരു വ്യക്തിയ്ക്ക് ഏതെങ്കിലുമൊരു ബാങ്കിൽ നിന്നും ഈ വായ്പാ ഘടകപ്രകാരമുള്ള സബ്സിഡിയോടുകൂടിയ വായ്പയുടെ പ്രയോജനം കൊണ്ട് നേട്ടമുണ്ടാക്കാൻ കഴിയുന്നതാണ്. ഒറ്റയ്ക്കൊറ്റയ്ക്ക് നടത്തുന്ന സൂക്ഷ്മസംരംഭങ്ങൾക്കായുള്ള വായ്പകളുടെ മാനദണ്ഡങ്ങൾ/ പ്രത്യേക നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

6.1 വയസ്സ് : **ഗുണഭോക്താവായിത്തീരാൻ പോകുന്നയാൾക്ക് വായ്പ ക്കായി അപേക്ഷിക്കുന്ന സമയത്ത്** 18 **വയസ്സ് പൂർത്തിയായിരിക്കണം.**

6.2. **പ്രോജക്ട് ചെലവ് (പ്രോജക്ട് കോസ്റ്റ്-പി.സി)**

ഒറ്റക്കൊറ്റയ്ക്ക് നടത്തുന്ന ഒരു സൂക്ഷ്മ സംരംഭത്തിനായുള്ള പരമാവധി പ്രോജക്ട് ചെലവ് 2,00,000 രൂപ (രണ്ട് ലക്ഷം രൂപ)യാണ്.

**6.3. ബാങ്ക് വായ്പയ്ക്കായുള്ള പാർശ്വസ്ഥ ജാമ്യം:**

പാർശ്വസ്ഥ ജാമ്യത്തിന്റെ ആവശ്യമില്ല. 2010 മെയ് 6ന് പുറപ്പെടുവിച്ച ആർബിഐ സർക്കുലർ RPCD.SME & NFS. BC No. 79/06.02.31/2009-10 പ്രകാരം എംഎസ്ഇ മേഖലയിലെ യൂണിറ്റു കൾക്ക് നൽകുന്ന 10 ലക്ഷം രൂപയ്ക്ക് വരെയുള്ള വായ്പകൾക്ക് പാർശ്വസ്ഥ ജാമ്യം സ്വീകരിക്കാൻ പാടില്ലയെന്ന് ബാങ്കുകൾക്ക് ആജ്ഞ നൽകിയിട്ടുണ്ട്. അതുകൊണ്ട് വായ്പ നൽകുന്നതിലേക്കായി യൂണിറ്റിൽ ഉത്പാദിപ്പിക്കപ്പെടുന്ന ആസ്തികൾമാത്രം ഈട്/പണയം/ ജാമ്യമായി നൽകിയാൽ മതിയാകും. എസ്ഇപി വായ്പകൾക്ക് സംരംഭങ്ങളുടെ പ്രവർത്തനത്തിന് ഗ്യാരന്റി സുരക്ഷയ്ക്കായി അർഹത

പ്രകാരമുള്ള ഗാരന്റി സുരക്ഷ ലഭിക്കുന്നതിന് ബാങ്കുകൾ സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് (സിഡ്ബി) രൂപം നൽകിയിരിക്കുന്ന ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആന്റ് സ്മാൾ എന്റർപ്രൈസസ് (സിജിടിഎംഎസ്ഇ)-നെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അനുയോജ്യമായ ഗ്യാരന്റി ഫണ്ടിനെയോ സമീപിക്കേ ണ്ടതാണ്.

6.4. **തിരിച്ചടവ്** : തിരിച്ചടവ് ക്രമം അതത് ബാങ്കുകളുടെ രീതിയനുസരിച്ച് 6-18 മാസക്കാലത്തെ പ്രാരംഭ മൊറോട്ടോറിയത്തിനുശേഷം 5 മുതൽ 7 വർഷം വരെ നീളുന്നതായിരിക്കും.

6.5. **മാർജിൻ മണി** : 50000 രൂപ വരെയുള്ള വായ്പകൾക്ക് മാർജിൻ എടുക്കാൻ പാടില്ല. കൂടുതൽ ഉയർന്ന തുകയ്ക്കുള്ള വായ്പകൾക്ക് പരമാവധി 5% മാർജിൻ എടുക്കാം. എന്നാൽ അത് ഒരു കാരണവശാലും പ്രോജക്ട് ചെലവിന്റെ 10% ത്തിൽ കൂടാൻ പാടില്ല.

6.6. **വായ്പാ സൗകര്യത്തിന്റെ ഇനം**: വ്യക്തികൾക്ക് കെട്ടിടങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന്റെ ചെലവിലേക്കായി ടേം ലോൺ രൂപത്തിലും പ്രവർത്തനമൂലധനം ക്യാഷ്ക്രെഡിറ്റ് രൂപത്തിലും ബാങ്കുകൾക്ക് നൽകാവുന്നതാണ്. വായ്പക്കായി സമീപിക്കുന്ന വ്യക്തിയുടെ ആവശ്യത്തെ അടിസ്ഥാനമാക്കി മൂലധനച്ചെലവും പ്രവർത്തനമൂലധന ഘടകങ്ങളുമടങ്ങുന്ന കോമ്പസിറ്റ് വായ്പകളും ബാങ്കുകൾക്ക് അനുവദിക്കാം.

**7 . ഗ്രൂപ്പ് സംരംഭങ്ങൾ (എസ്ഇപി-ജി) വായ്പയും സബ്സിഡിയും**

ഒരു സ്വയംസഹായ സംഘ(എസ്എച്ച്ജി) ത്തിന്, അല്ലെങ്കിൽ ഡിഎ വൈ-എൻ-യുഎൽഎം പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു എസ്എച്ച്ജി യ്ക്ക് അല്ലെങ്കിൽ സ്വയം തൊഴിലിനായി രൂപമെടുത്ത നഗരപ്രദേശത്തെ ദരിദ്രരുടെ ഒരു സംഘത്തിന് ഒരു വായ്പാഘടകത്തിൻ കീഴിൽ ഏത് ബാങ്കിൽ നിന്നും സബ്സിഡിയോടുകൂടിയ വായ്പകളുടെ പ്രയോജനം നേടാൻ കഴിയും. ഗ്രൂപ്പ് ആസ്പദമാക്കിയിട്ടുള്ള സൂക്ഷ്മ-സംരംഭവായ്പകളുടെ മാനദണ്ഡങ്ങൾ/ പ്രത്യേക നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

7.1. **യോഗ്യതാ മാനദണ്ഡം** : ഗ്രൂപ്പ് സംരംഭങ്ങളിൽ ഏറ്റവും കുറഞ്ഞത് 5 അംഗങ്ങളുണ്ടായിരിക്കുകയും അംഗങ്ങളിൽ ഏറ്റവും കുറഞ്ഞത് 70% പേർ നഗരപ്രദേശത്തെ ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവരുമായിരിക്കണം. ഒരേ കുടുംബത്തിൽ നിന്നും ഒന്നിലധികംപേരെ ഒരേ ഗ്രൂപ്പിൽ ഉൾപ്പെടുത്താൻ പാടില്ല.

7.2. **വയസ്സ്**: ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കുന്ന സമയത്ത് ഗ്രൂപ്പ് സംരംഭങ്ങളിലെ എല്ലാ അംഗങ്ങളും 18 വയസ്സ് പൂർത്തിയാക്കിയ വരായിരിക്കണം.

7.3. **പ്രോജക്ട് ചെലവ് (പ്രോജക്ട് കോസ്റ്റ് -പിസി)**

ഗ്രൂപ്പ് സംരംഭത്തിനായി വായ്പ ലഭിക്കുന്നതിന് പ്രോജക്ട് ചെലവ് പരമാവധി 10,00,000 രൂപ (പത്ത് ലക്ഷം രൂപ) യാണ്.

7.4. **വായ്പയുടെ ഇനം** : ഒരു യൂണിറ്റായി പ്രവർത്തിക്കുന്ന ഗ്രൂപ്പിനായി ഒരൊറ്റ വായ്പയായോ, അല്ലെങ്കിൽ ഗ്രൂപ്പിലെ ഓരോ അംഗത്തിനും രണ്ട് ലക്ഷം രൂപയ്ക്ക് വരെയുള്ള വായ്പകൾ വെവ്വേറെയായോ നൽകാൻ കഴിയുന്നതാണ്. ഗ്രൂപ്പിലെ അംഗങ്ങൾക്ക് ആകെ നൽകാവുന്ന വായ്പയുടെ

പരിധി ഗ്രൂപ്പിനകത്തെ പരസ്പര വിശ്വാസത്തെയും പ്രതിനിധാനത്തെയും അടിസ്ഥാനമാക്കി 10 ലക്ഷം രൂപയെന്ന് നിജപ്പെടുത്തിയിരിക്കുന്നു. ഒരു ഗ്രൂപ്പിന് നൽകുന്ന വായ്പയുടെ കാര്യത്തിൽ, ആർബിഐ 2014 നവംബർ 13 ന് പുറപ്പെടുവിച്ച 'ബജറ്റ് (2014-15) അനൗൺസ്മെന്റ് ഫിനാൻസിങ് ഓഫ് ജോയിന്റ് ഫാമിങ് ഗ്രൂപ്പ്സ് ഓഫ് 'ഭൂമി ഹീൻ കിസാൻ' എന്ന വിഷയത്തെക്കുറിച്ചുള്ള സർക്കുലറിലും തുടർന്നുള്ള ഭേദഗതികളിലും പ്രസ്താവിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന തത്ത്വങ്ങൾ പിന്തുടരേണ്ടതാണ്.

7.5. **വായ്പാ സൗകര്യത്തിന്റെ ഇനം**: ഗ്രൂപ്പുകൾക്ക് കെട്ടിടങ്ങളും ഉപകരണ ങ്ങളും വാങ്ങുന്നതിനുള്ള ചെലവിലേക്കായി ടേം ലോൺ രൂപത്തിലും, പ്രവർത്തനമൂലധനം ക്യാഷ് ക്രെഡിറ്റ് രൂപത്തിലും ബാങ്കുകൾക്ക് അനുവദിക്കാവുന്നതാണ്. ഗ്രൂപ്പിന്റെ ആവശ്യത്തെ അടിസ്ഥാനമാക്കി മൂലധനച്ചെലവിനും പ്രവർത്തനമൂലധനത്തിനുമായി കോമ്പസിറ്റ് വായ്പകളും ബാങ്കുകൾക്ക് അനുവദിക്കാം.

7.6. **വായ്പയും മാർജിൻ മണിയും** : പ്രോജക്ട് ചെലവിൽ നിന്നും ഗുണഭോക്താവിന്റെ വിഹിതം (മാർജിൻമണി) കിഴിച്ചുകിട്ടുന്ന തുക ഗ്രൂപ്പ് സംരംഭത്തിനുള്ള വായ്പയായി ബാങ്ക് അവർക്ക് ലഭ്യമാക്കേണ്ടതാണ്. 50000 രൂപയ്ക്ക് വരെയുള്ള വായ്പകൾക്ക് മാർജിൻ എടുക്കാൻ പാടില്ല. കൂടുതൽ ഉയർന്ന തുകയ്ക്കുള്ള വായ്പകൾക്ക് പരമാവധി 5 % മാർജിൻ മണി എടുക്കാം. എന്നാൽ അത് ഒരു കാരണവശാലും പ്രോജക്ട് ചെലവിന്റെ 10% ത്തിൽ കൂടാൻ പാടില്ല.

7.7. **ബാങ്ക് വായ്പക്കായുള്ള പാർശ്വസ്ഥ ജാമ്യം** : പാർശ്വസ്ഥ ജാമ്യത്തിന്റെ ആവശ്യമില്ല. വായ്പകൾ കൊടുക്കുന്നതിലേക്കായി ഉത്പാദിപ്പിക്ക പ്പെടുന്ന ആസ്തികൾ മാത്രം ഈട്/പണയം/ജാമ്യമായി ബാങ്കുകൾക്ക് നൽകിയാൽ മതിയാകും. ബാങ്കുകൾ ഖണ്ഡിക -6.3 ൽ വിശദമായി പ്രസ്താവിച്ചിരിക്കും പ്രകാരത്തിൽ ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ ആന്റ് സ്മാൾ എന്റർപ്രൈസസ് (സിജിടിഎിംഎസ്ഇ)നെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അനുയോജ്യമായ ഗാരന്റി ഫണ്ടിനെയോ സമീപിക്കേണ്ടതാണ്.

7.8. **തിരിച്ചടവ്** : തിരിച്ചടവ് ക്രമം അതത് ബാങ്കുകളുടെ രീതിയനുസരിച്ച് 6-18 മാസക്കാലത്തെ പ്രാരംഭ മൊറോട്ടോറിയത്തിനുശേഷം 5 മുതൽ 7 വർഷം വരെ നീളുന്നതായിരിക്കും.

8. **എസ്.എച്ച്ജി-ബാങ്ക് ലിങ്കേജ്- പൊതുവായ മാർഗ്ഗനിർദ്ദേശ രേഖകൾ**

എസ്.എച്ച്ജി-ബാങ്ക് ലിങ്കേജ് പരിപാടിക്ക് ഭാരതീയ റിസർവ് ബാങ്കിന്റെ ധനപരമായ നയത്തിലും അതത് കാലത്തെ കേന്ദ്രബജറ്റ് പ്രഖ്യാപനങ്ങളിലും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഭാരതീയ റിസർവ് ബാങ്ക് (ആർബിഐ) പല മാർഗ്ഗനിർദ്ദേശരേഖകളും ബാങ്കുകൾക്കായി പുറപ്പെടുവിച്ചിട്ടുണ്ട്. എസ്.എച്ച്ജി-ബാങ്ക് ലിങ്കേജ് പരിപാടി വിസ്തൃതമാക്കാനും അതിനെ നിലനിർത്താനും വേണ്ടി എസ്.എച്ച്ജി കൾക്ക് വായ്പ നൽകുന്ന കാര്യം ബാങ്കുകൾ നയപരമായ തലത്തിലും ഒപ്പം നിർവ്വഹണ തലത്തിലും അവരുടെ മുഖ്യധാരാ വായ്പാ സമ്പ്രദായത്തിന്റെ ഭാഗമാക്കുന്നത് പരിഗണിക്കണമെന്ന് അവരോട് നിർദ്ദേശിച്ചിട്ടുണ്ട്.

8.1. ഒരു തുടക്കമെന്ന നിലയിൽ അവരുടെ അംഗങ്ങൾക്കിടയിൽ സമ്പാദ്യശീലം വളർത്താനുള്ള ശ്രമങ്ങളിൽ വ്യാപൃതരായിരിക്കുന്ന സ്വയം

സഹായസംഘങ്ങൾ (രജിസ്റ്റർ ചെയ്തവയോ രജിസ്റ്റർ ചെയ്യാത്തവയോ)ക്ക് സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ എസ്.എച്ച്ജി-ബാങ്ക് ലിങ്കേജ് പരിപാടിയെക്കുറിച്ച് 2016 ജൂലൈ 1-ന് ആർബിഐ പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലർ FIDD.FID.BC.No.06/12-01-033/2016-17ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അക്കൗണ്ടുകൾ ആരംഭിച്ചതിനുശേഷം, എസ്.എച്ച്.ജി കൾക്ക് അവരുടെ സമ്പാദ്യവുമായി ബന്ധപ്പെടുത്തി (സമ്പാദ്യവും വായ്പയും തമ്മിലുള്ള അനുപാതം 1:1 മുതൽ 1:4 വരെയാകാം) മതിയായ വിചിന്തനമോ അല്ലെങ്കിൽ ഗ്രേഡിങ്ങോ നടത്തി ബാങ്കുകൾ എസ്എച്ച്ജി കൾക്ക് വായ്പകൾ അനുവദിക്കേണ്ടതാണ്. എന്നാൽ പാകം വന്ന എസ്.എച്ച്.ജികളുടെ കാര്യത്തിൽ ബാങ്കിന്റെ വിവേചനമുപയോഗിച്ച് സമ്പാദ്യത്തിന്റെ നാലിരട്ടി എന്ന പരിധിക്കുമപ്പുറം വായ്പകൾ അനുവദിക്കാവു ന്നതാണ്. എസ്.എച്ച്.ജി അംഗങ്ങൾ വായ്പ എന്താവശ്യത്തിനായി ഉപയോഗിക്കുന്നുവെന്നത് പരിഗണിക്കാതെ തന്നെ എസ്.എച്ച്ജി കൾക്ക് നൽകുന്ന വായ്പകളെ ദുർബല വിഭാഗങ്ങൾക്കായി ബാങ്കുകൾ നൽകുന്ന വായ്പകളുടെ ഭാഗമായി ഉൾപ്പെടുത്തണമെന്നും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8.2. ഡിഎവൈ-എൻയുഎൽഎം-ന്റെ ഘടകമായ സോഷ്യൽ മൊബിലൈസേഷൻ & ഇൻസ്റ്റിറ്റ്യൂഷൻ ഡെവലപ്മെന്റ് (എസ്എം&ഐഡി) പ്രകാരം എസ്എച്ച്ജി കളുടെ പേരിൽ ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുവാനും റിവോൾവിങ് ഫണ്ട് (ആർഎഫ്) ലഭിക്കാനും ആവശ്യമായ അടിസ്ഥാന പരമായ കാര്യങ്ങൾ യുഎൽബി നിർവഹിക്കേണ്ടതാണ്. ഇതിനായി യുഎൽബികൾ റിസോഴ്സ് ഓർഗനൈസേഷൻ (ആർഒ) നെ നിയോഗിക്കുകയോ അല്ലെങ്കിൽ സ്വന്തം സ്റ്റാഫംഗങ്ങൾ മുഖേന നേരിട്ടുതന്നെ എസ്എച്ച്ജി കളെ സഹായിക്കുകയും കൂടി ചെയ്യേണ്ടതാണ്. (എസ്എച്ച്ജി-കൾ, ആർഒ-കൾ, റിവോൾവിങ് ഫണ്ട് എന്നിവയുടെ വിഭാവനയെയും രൂപീകരണത്തെയും കുറിച്ചുള്ള കാര്യങ്ങൾ ഡിഎവൈ- എൻയുഎൽഎം ഘടകമായ സോഷ്യൽമൊബിലൈസേഷൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് (എസ്എം&ഐഡി)ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

8.3. ബാങ്കുകൾ വായ്പകൾ വിതരണം ചെയ്തതിന്റെ വിശദവിവരങ്ങൾ പലിശ സബ്സിഡിയുടെ കണക്കുകളുടെ വിശദവിവരങ്ങൾ സഹിതം യുഎൽബി ക്ക് അയച്ചുകൊടുക്കേണ്ടതാണ്. യുഎൽബി-കൾ ഇവ പരിശോധിച്ച് ഉറപ്പ് വരുത്തുകയും, സബ്സിഡിത്തുക- അഞ്ചാം ഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്ന അതേ നടപടിക്രമം പാലിച്ചുകൊണ്ട് പാദവർഷാടിസ്ഥാനത്തിൽ ബാങ്കുകൾക്ക് നൽകുകയും വേണം. അധിക പലിശ സബ്സിഡി ആവശ്യപ്പെടാനുള്ള പ്രത്യേക ഫോർമാറ്റ് അനുബന്ധം II ൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

8.4. ബാങ്കുകളിൽ നിന്നും വായ്പകൾ ലഭിക്കാനായി അർഹതയുള്ള എസ്എച്ച്ജി കൾക്കുവേണ്ടി അപേക്ഷകൾ പൂരിപ്പിച്ചു കൊടുക്കാൻ യുഎൽബി-കൾ സ്വന്തം ഫീൽഡ് സ്റ്റാഫ് അല്ലെങ്കിൽ റിസോഴ്സ് ഓർഗനൈസേഷൻ (ആർഒ) മുഖേന സൗകര്യം ചെയ്തു കൊടുക്കേണ്ടതാണ്. എസ്എച്ച്ജി കളുടെ വായ്പാ അപേക്ഷകൾ ആവശ്യമായ രേഖകളോടൊപ്പം ബന്ധപ്പെട്ട ബാങ്കുകളിലേക്ക് അയച്ചുകൊടുക്കേണ്ടത് യുഎൽബി യുടെ ഉത്തരവാദിത്തമായിരിക്കും. അപ്രകാരം ബാങ്കുകൾക്ക് അയച്ചുകൊടുക്കുന്ന വായ്പാ അപേക്ഷകളെ സംബന്ധിക്കുന്ന മേഖലാടിസ്ഥാനത്തിലും, ബാങ്ക് അടിസ്ഥാനത്തിലും,ആർഒ-കൾ/ സ്റ്റാഫ് അടിസ്ഥാനത്തിലുമുള്ള വിവരങ്ങൾ

യുഎൽബി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. ഈ വിവരങ്ങൾ മാസംതോറും എസ് യുഎൽഎം-ന് അയച്ചുകൊടുക്കുകയും വേണം.

8.5. ഡിഎ വൈ-എൻയുഎൽഎം പ്രകാരമുള്ള എസ്എച്ച്ജി-ബാങ്ക് ലിങ്കേജ് ഫലപ്രദമായി നടപ്പാക്കപ്പെടുന്നത് ഉറപ്പുവരുത്താനായി എസ് യു എൽഎം കാര്യങ്ങൾ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും ഇക്കാര്യത്തിലെ പുരോഗതി ബാങ്കുകളുമായി പര്യാലോചിക്കുകയും, സംസ്ഥാനത്ത് വിതരണം ചെയ്യപ്പെട്ട എസ്എച്ച്ജി വായ്പകളുടെ പലിശ സബ്സിഡി/ധനസഹായം ലഭിക്കുവാൻ വേണ്ടി എസ്എൽബിസി യുമായി പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്. നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ സാമ്പത്തിക ഉൾക്കൊള്ളലിനായി ബാങ്കിനെയും ശാഖാ സ്റ്റാഫിനെയും സംവേദന ക്ഷമമാക്കുന്നതിൽ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി) യുടെയും ലീഡ് ബാങ്കുകളുടെയും സജീവമായ പങ്ക് ഉറപ്പുവരുത്തേണ്ടതാണ്.

8.6. പലിശ ധനസഹായം ലഭിക്കേണ്ട എസ്എച്ച്ജി-കളെ തിരിച്ചറിയുക, തിരഞ്ഞെടുക്കുക, രൂപീകരിക്കുക, മേൽനോട്ടം നിർവ്വഹിക്കുക എന്നിവ സംസ്ഥാനത്തിന്റെയും യുഎൽബി-കളുടെയും ഉത്തരവാദിത്തമാണെ ന്നതും, പലിശധനസഹായത്തിനായി അനർഹരായ എസ്എച്ച്ജികളെ തിരഞ്ഞെടുക്കുകയാണെങ്കിൽ ബാങ്കുകൾ അതിന് ഉത്തരവാദികളായി രിക്കുകയില്ലെന്നതും ശ്രദ്ധിക്കേണ്ടതാണ്.

8.7. വായ്പാ സൗകര്യത്തിന്റെ ഇനം: എസ്എച്ച്ജി-കൾക്ക് ഒന്നുകിൽ തവണവായ്പയോ, അല്ലെങ്കിൽ ഒരു ക്യാഷ് ക്രെഡിറ്റ് ലിമിറ്റോ (സിസിഎൽ) അല്ലെങ്കിൽ ഇവ രണ്ടുമോ അവരുടെ ആവശ്യാനുസരണം എടുക്കാവുന്നതാണ്. ആവശ്യമെങ്കിൽ നിലവിലുള്ള വായ്പ അടച്ചുതീർത്തില്ലെങ്കിൽപോലും പുതിയ വായ്പ അനുവദിക്കാൻ കഴിയുന്നതാണ്.

8.8. കൃത്യമായ തിരിച്ചടവിനായുള്ള ആർബിഐ മാർഗ്ഗനിർദ്ദേശരേഖകൾ താഴെപ്പറയും പ്രകാരമാണ്;

**എ. എസ്എച്ച്ജി-കൾക്കുള്ള ക്യാഷ് ക്രെഡിറ്റ് ലിമിറ്റിന്:**

(i) കണക്കിൽ ബാക്കി നിൽക്കുന്ന പണം അനുവദിച്ച ലിമിറ്റ്/പണം പിൻവലിക്കാനുള്ള ക്ഷമത കവിഞ്ഞ നിലയിൽ തുടർച്ചയായി 30 ദിവസത്തിലധികം തുടരാതിരിക്കുക.

(ii) അക്കൗണ്ടിൽ പതിവായി പണമിടലുകളും കടംപറ്റലുകളു മുണ്ടായിരിക്കണം. എന്തായാലും ഒരു മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും ഇടപാടുകാരന്റെ ഭാഗത്തുനിന്നും നേരിട്ടുള്ള പണമിടലുണ്ടായിരിക്കണം.

(iii) ഇടപാടുകാരന്റെ ഭാഗത്തുനിന്നും ഒരു മാസത്തിലുണ്ടാകുന്ന നേരിട്ടുള്ള പണമിടൽ ആ മാസം ബാങ്ക് ഈടാക്കിയ പലിശ ഉൾക്കൊള്ളാൻ മതിയായതായിരിക്കണം.

**ബി. എസ്എച്ച്ജി-കൾക്കുള്ള തവണ വായ്പയ്ക്ക്:** അനുവദിക്കപ്പെട്ട തിരിച്ചടവു കാലാവധിയാകമാനം പലിശ/മുതലിന്റെ തവണകൾ അല്ലെങ്കിൽ ഇവ രണ്ടും അടക്കേണ്ട തീയതി കഴിഞ്ഞ് 30 ദിവസത്തിനകം അടച്ചിട്ടുള്ള ഒരു തവണ വായ്പാ അക്കൗണ്ട് കൃത്യമായ തിരിച്ചടവുള്ള അക്കൗണ്ടായി പരിഗണിക്കപ്പെടുന്നതാണ്. കൃത്യമായ തിരിച്ചടവ് മാർഗ്ഗനിർദ്ദേശരേഖകൾക്ക്

ഈ വിഷയം സംബന്ധിച്ച് ആർബിഐ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശ രേഖകൾ ഭാവിയിലും വഴികാട്ടിയായി തുടരുന്നതായിരിക്കും.

9. **എസ്ഇപി-I(ഐ), എസ്ഇപി-ജി, എസ്ഇപി-എസ്എച്ച്ജി എന്നിവയുടെ പ്രവർത്തനപുരോഗതി അറിയിക്കൽ.**

9.1. ടാസ്ക്ഫോഴ്സ് ശിപാർശ ചെയ്ത അപേക്ഷകൾ ബാങ്കുകൾ അനുവദിക്കുകയും വിതരണം ചെയ്യുകയും നിരസിക്കുകയും (കാരണങ്ങൾ സഹിതം) ചെയ്തതിനെയും കുറിച്ചുള്ള സ്ഥിതി ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും സ്ഥിരീകരിച്ചതിനുശേഷം യുഎൽബി ഇതിനെക്കുറിച്ച് ഒരു ഡാറ്റാഷീറ്റ് തയ്യാറാക്കേണ്ടതാണ്. ഈ ഡാറ്റാഷീറ്റ് ഓരോ മാസത്തിലും എസ് യുഎൽഎം-ന് അയച്ചു കൊടുക്കണം.

9.2. ബന്ധപ്പെട്ട യുഎൽബികളിൽ നിന്നും ലഭിച്ച എല്ലാ റിപ്പോർട്ടുകളും എസ് യുഎൽ എം സമാഹരിക്കുകയും മാസംതോറും കേന്ദ്ര ഭവന നിർമ്മാണ-നഗര ദാരിദ്ര്യലഘൂകരണ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

9.3. ഓരോ എസ്എൽബിസി, ഡിസ്ട്രിക്ട് കൺസൾട്ടേറ്റീവ് കമ്മിറ്റി യോഗങ്ങളിലും (ഡിസിസി) എസ്ഇപി-യുടെ പുരോഗതി അവലോകനം ചെയ്യപ്പെടുന്നുണ്ടെന്നത് എസ് യുഎൽഎം ഉറപ്പ് വരുത്തേണ്ടതാണ്. എസ്ഇപി-യുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും പ്രധാനപ്പെട്ട വിഷയ മുണ്ടെങ്കിൽ ഫലപ്രദമായ ഏകോപനത്തിനും നിർവ്വഹണത്തിനുമായി എസ് യുഎൽഎം അക്കാര്യം എസ് എൽബിസി കൺവീനറെ ധരിപ്പിക്കേണ്ടതാണ്.

**10. സംരംഭവികസനത്തിനായി ക്രെഡിറ്റ് കാർഡ്.**

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ഉപജീവനത്തിന് പിന്തുണ നൽകുന്നതിന് അവസരമൊരുക്കാനുള്ള ഒരു പ്രാരംഭ പ്രചോദനമെന്ന നിലയിൽ വേണം ഡിഎവൈ-എൻയുഎൽഎം പ്രകാരം സംരംഭങ്ങൾ ആരംഭിക്കാൻ വ്യക്തിഗത സംരംഭകർക്ക് സബ്സിഡിയോടു കൂടിയ വായ്പ മുഖേന നൽകുന്ന ധനപരമായ സഹായത്തെ കാണേണ്ടത്. എന്നിരുന്നാലും വ്യക്തിഗത സംരംഭകർക്ക് അവരുടെ സംരംഭം ആദായകരമായി നിലനിൽക്കുന്നതാകണമെങ്കിൽ അവർക്ക് പ്രവർത്തനമൂലധനം മുഖേന ധനപരമായ സഹായം നൽകേണ്ടതായ ആവശ്യമുണ്ട്. ചരക്കുകളും അസംസ്കൃത സാധനങ്ങളും വാങ്ങുവാനും മറ്റ് പലവിധ ധനവ്യയത്തിനുമായി വരുന്ന ചെലവുകൾ നേരിടാൻ ഏറ്റവും അടിയന്തരമായും, ഹ്രസ്വകാലത്തേ ക്കായും മാസംതോറും പണത്തിനായി വേണ്ടിവരുന്ന ആവശ്യവും ഇതിൽ ഉൾപ്പെടാം. സംരംഭപരമായ പ്രവർത്തനങ്ങൾക്കായി വേണ്ടിവരുന്ന ചെലവുകൾ വഹിക്കുവാനാവശ്യമായ ഒരു കൃത്യമായ നിശ്ചിത പ്രതിമാസ വരുമാനം/ ആദായം ഒരു സൂക്ഷ്മ-സംരംഭകനുണ്ടാകുകയില്ല. പണത്തിനായുള്ള അത്തരം അടിയന്തരമായ ആവശ്യവുമായി ഒരു ധനകാര്യസ്ഥാപനത്തെ സമീപിക്കുമ്പോൾ നടപടിക്രമമനുസരിച്ചുള്ള രേഖകൾ ആവശ്യമായി വരികയും അതിന് ധാരാളം സമയമെടുക്കുകയും ചെയ്യും. പ്രവർത്തനമൂലധനത്തി നായുള്ള ആവശ്യം, പൊതുവെ ഉയർന്ന പലിശനിരക്കിൽ വായ്പകൾ നൽകുന്ന അനൗപചാരിക സ്രോതസ്സു (പണം പലിശയ്ക്ക് കൊടുക്കുന്ന വരുൾപ്പെടെയുള്ള) കളിൽ നിന്നായിരിക്കും നിറവേറ്റപ്പെ ടുന്നതാണ്.

10.2. പ്രവർത്തനമൂലധനത്തിനായും പണത്തിനുമായും വരുന്ന പലപ്രകാര ത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റുവാൻ സൂക്ഷ്മസംരംഭകനെ സഹായിക്കാനായി ബാങ്കുകൾ മുഖേന ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ മുദ്രാകാർഡ് ഡിഎവൈ-എൻയുഎൽഎം ലഭ്യമാക്കുന്നതായിരിക്കും.

10.3. വ്യക്തിഗതസംരംഭകർക്ക് ക്രെഡിറ്റ് കാർഡ് (അല്ലെങ്കിൽ) മുദ്രാകാർഡ് നൽകുന്നതിലേക്കായുള്ള മാനദണ്ഡങ്ങൾ, ക്ലിപ്തപരിധി, വിശേഷ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി (എസ്എൽബിസി)യുമായി കൂടിയാലോചിച്ച് എസ് യുഎൽഎം അന്ത്യരൂപം നൽകും. ഇതിനായി എല്ലാ ഷെഡ്യൂൾഡ് കോമേഴ്സ്യൽ ബാങ്കുകളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനറൽ ക്രെഡിറ്റ് കാർഡ് സ്കീമോ (ജിസിസി) അല്ലെങ്കിൽ നഗരപ്രദേശങ്ങളിൽ സംരംഭ വികസനത്തിനായി ബാങ്കുകൾ നൽകുന്ന ക്രെഡിറ്റ് കാർഡുകളുടെ മറ്റേതെങ്കിലും രൂപമോ ലഭ്യമാക്കാനുള്ള സാധ്യത എസ് യു-എൽഎം-ഉം എസ്എൽബിസിയും പരിശോധിക്കുന്നതാണ്. പരിഷ്കരിച്ച ജിസിസി സ്കീമിനെക്കുറിച്ചുള്ള 2013 ഡിസംബർ 02 ലെ RPCD. MSME&NFS,BC.No.61/06.02.31/2013-14 എന്ന ആർബിഐ വിജ്ഞാ പനം ആർബിഐ വെബ്സൈറ്റ്, 'www.rbi.org.in' ൽ ലഭ്യമാണ്.

10.4. ഗുണഭോക്താക്കളായിത്തീരാൻ പോകുന്നവരെ യുഎൽബി തിരിച്ച റിയുകയും, ക്രെഡിറ്റ് കാർഡുകൾ കിട്ടാനായി ബാങ്കുകളുമായി ലിങ്കേജിന് സൗകര്യമൊരുക്കുകയും വേണ്ടതാണ്. എസ്ഇപി പ്രകാരം ധനപരമായ സഹായം നേടിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കുമായി ക്രെഡിറ്റുകാർഡ് കൊടുപ്പിക്കാനുള്ള സൗകര്യമൊരുക്കുന്നതിലായിരിക്കണം തുടക്കത്തിൽ ശ്രദ്ധ കേന്ദ്രീകരി ക്കേണ്ടത്. ഇതിനും പുറമെ, സ്വന്തമായി ബിസിനസ്സ് സംരംഭം നടത്തിക്കൊണ്ടിരിക്കുന്നവരും, എന്നാൽ എസ്ഇപി പ്രകാരം സഹായം വാങ്ങിയിട്ടില്ലാത്തവരുമായ മറ്റ് ഗുണഭോക്താക്കളെയും കൂടി, അവർ ക്രെഡിറ്റ് കാർഡുകൾ ലഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്നുണ്ടെങ്കിൽ, ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

**10.5.** ഇതിനായുള്ള ടാർജറ്റുകൾ യുഎൽബി തലത്തിൽ നിശ്ചയിക്കേണ്ടതും ഇക്കാര്യത്തിലെ പുരോഗതി എസ് യുഎൽഎം തലത്തിൽ സംഗ്രഹി ക്കേണ്ടതും കേന്ദ്രഭവനനിർമ്മാണ-നഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയത്തെ അതത് കാലത്ത് അറിയിക്കേണ്ടതുമാണ്.

## 11. സാങ്കേതികവിദ്യ, വിപണനം, മറ്റ് സഹായങ്ങൾ

11.1. സൂക്ഷ്മ സംരംഭകർക്ക് അവരുടെ ബിസിനസ്സ് പരിപോഷിപ്പി ക്കുവാനും നിലനിർത്തുവാനുമായും പല സന്ദർഭങ്ങളിലും സഹായം ആവശ്യമായിവരും. സ്ഥാപനം, സാങ്കേതികവിദ്യ, വിപണനം, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി സഹായം വേണ്ടിവരും. തീരെ ചെറിയ ബിസിനസ്സ് നടത്തുന്ന മൈക്രോ സംരംഭകർക്ക് വിപണി കൾക്ക് എന്താണ് ആവശ്യമെന്നതിനെക്കുറിച്ചും അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്കാ യുള്ള ആവശ്യകത, എവിടെയാണ് അവ വിൽക്കേണ്ടത് മുതലായ കാര്യങ്ങളെക്കുറിച്ചും ഭേദപ്പെട്ട ഒരു ധാരണയിൽ എത്തിച്ചേരേണ്ടതുണ്ട്. സൂക്ഷ്മ സംരംഭങ്ങളുടെ വളർച്ചയ്ക്കായി പ്രോത്സാഹജനകമായ ഒരു പരിസ്ഥിതി പ്രദാനം ചെയ്യുക എന്ന ലക്ഷ്യമാണ് ഈ വായ്പാ വിഭാഗത്തിലെ ധനസഹായ പദ്ധതികളിൽ സങ്കല്പിക്കപ്പെട്ടിരിക്കുന്നത്.

11.2 ദീർഘകാല സ്ഥിരതയ്ക്കായി ഡിഎ വൈ-എൻയുഎൽഎം പ്രകാരം സ്ഥാപിക്കപ്പെട്ടിട്ടുള്ള (സിറ്റി ലൈവ് ലിഹുഡ്സ് സെന്ററുകൾ-സിഎൽസി-കൾ) സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭത്തിന്റെ സ്ഥാപനം (ലൈസൻസുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, നിയമപരമായ സേവനങ്ങൾ മുതലായവ) ഉത്പാദനം, സംഭരണം, സാങ്കേതികവിദ്യ, നിർമ്മാണ പ്രക്രിയ, വിപണനം, വില്പന, പാക്കേജിങ്, അക്കൗണ്ടിങ് മുതലായ വിഷയങ്ങളിൽ സേവനങ്ങൾ നൽകേണ്ടതാണ്. വിപണി കളിലെ ഡിമാന്റ്, സൂക്ഷ്മസംരംഭങ്ങളുടെ ഉത്പന്നങ്ങൾക്കായും അവ നൽകുന്ന സേവനങ്ങൾക്കായുമുള്ള വിപണിതന്ത്രം എന്നിവയെ ക്കുറിച്ചുള്ള സാധ്യതാ/മൂല്യനിർണ്ണയ പഠനങ്ങൾ നടത്തുവാനും സിഎൽസി-കൾ സഹായിക്കേണ്ടതാണ്.

11.3. എല്ലാ എസ്ഇപി വ്യക്തിഗത സംരംഭങ്ങൾക്കും ഗ്രൂപ്പ് സംരംഭങ്ങൾക്കും സിഎൽസി-കളുടെ മാനദണ്ഡപ്രകാരമുള്ള സേവനങ്ങൾ സിഎൽസികളിൽ നിന്നും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. ഗുണഭോക്താക്കളായിത്തീരാൻ പോകുന്നവരുടെ പ്രയോജനത്തിനായി സൂക്ഷ്മ സംരംഭ വികസനത്തിനുള്ള സേവനങ്ങളും ആനുകൂല്യങ്ങളും നൽകുന്ന മറ്റ് പല സർക്കാർ പദ്ധതികളുമായി സിഎൽസി-കൾക്ക് യുഎൽബി-യുടെ സഹായത്തോടെ ടൈഅപ്പ്-ൽ ഏർപ്പെടുകയും ചെയ്യാവുന്നതാണ്.

11.4. സിഎൽസി-കൾക്ക് മുകളിൽപ്പറഞ്ഞിരിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക യെന്ന ഉദ്ദേശ്യത്തിനായി എസ് യുഎൽഎം കൂടുതൽ ഫണ്ടുകളും തൊഴിൽപരമായ സഹായവും ഉറപ്പുവരുത്തേണ്ടതാണ്.

**12. ഡിഎ വൈ-എൻയുഎൽഎം പദ്ധതിയിലെ എസ്ഇപിയ്ക്ക് ഫണ്ട് നൽകുന്നതിനുള്ള ക്രമീകരണം.**

12.1. ഈ ഘടകത്തിനായി നൽകുന്ന ഫണ്ടുകൾ **ഡിഎവൈ** -എൻയുഎൽഎം പദ്ധതിയുടെ പൊതുവായ മാനദണ്ഡങ്ങൾ പ്രകാരം കേന്ദ്രവും സംസ്ഥാനങ്ങളും വീതംവച്ചു വഹിക്കുന്നതായിരിക്കും.

12.2. സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള ടാർജറ്റുകളെ അടിസ്ഥാനമാക്കി മന്ത്രാലയം ഓരോ കൊല്ലവും സംസ്ഥാനങ്ങൾക്ക് ഫണ്ടുകൾ അനുവദിക്കുന്നതായിരിക്കും. സംസ്ഥാനങ്ങൾ ബന്ധപ്പെട്ട എസ്എൽബിസി യുമായും യുഎൽബി-കളുമായി കൂടിയാലോചിച്ച് ടാർജെറ്റുകൾ നിശ്ചയിക്കുകയും അതിൻപ്രകാരമുള്ള ഫണ്ടുകൾ യുഎൽബി-കൾക്കായി നീക്കിവയ്ക്കുകയും ചെയ്യുന്നതാണ്. പലിശ ധനസഹായം പൂർണ്ണമായും ബാങ്കുകൾക്ക് അതത് സാമ്പത്തിക വർഷത്തിൽത്തന്നെ കൊടുത്തു തീർത്ത് ഈയിനത്തിൽ ബാക്കിസംഖ്യ യൊന്നും സംസ്ഥാനങ്ങൾ കൊടുപ്പാനില്ലാത്ത വിധത്തിലായിരിക്കണ മിത്.

**13. സൂക്ഷ്മ നിരീക്ഷണവും മൂല്യനിർണ്ണയവും.**

13.1 ഈ ഘടകത്തിൻകീഴിലുള്ള പ്രവർത്തനങ്ങളുടെ/ ടാർജറ്റുകളുടെ പുരോഗതി സംസ്ഥാനതലത്തിലെ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണി റ്റും (എസ്എംഎംയു) യുഎൽബി തലത്തിലെ സിറ്റി മിഷൻ മാനേജ്മെൻറ് യൂണിറ്റും സൂക്ഷ്മമായി നിരീക്ഷിക്കുന്നതും അത് റിപ്പോർട്ട് ചെയ്യുന്ന തും മൂല്യനിർണ്ണയം ചെയ്യുന്നതുമാണ്. എസ്.യു.എൽ.എ-ഉം യുഎൽബി/നിർവഹണ ഏജൻസികളും യഥാസമയത്തെ പുരോഗതി മിഷൻ ഡയറക്ടറേറ്റ്

നിർദ്ദേശിച്ചിരിക്കുന്ന ഫോർമാറ്റുകളിൽ കാലാകാലങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഓരോ മാസത്തിലും ഓരോ പാദവർഷാന്ത്യത്തിലും കൈവരിച്ച നേട്ടങ്ങളും പ്രയോഗ തലത്തിൽ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളും റിപ്പോർട്ടിൽ നൽകിയിരിക്കണം.

13.2. ഇതും കൂടാതെ ഡിഎ വൈ-എൻയുഎൽഎം പദ്ധതിയിൻകീഴിൽ ടാർജറ്റുകളും നേട്ടങ്ങളും നിരീക്ഷിക്കാനായി വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സമഗ്രവും കുറ്റമറ്റതുമായ ഒരു ഡിഎ വൈ-എൻയുഎൽഎം എംഐഎസ് സ്ഥാപിക്കുന്നതായിരിക്കും. സംസ്ഥാനങ്ങളും യുഎൽബി-കളും അവരുടെ പ്രോഗ്രസ് റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിക്കേണ്ടതും, എംഐഎസ് മാർഗമുപയോഗിച്ച് അടിസ്ഥാനതലത്തിൽ കൈവരിച്ച പുരോഗതി സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്. വിവരങ്ങൾ പ്രത്യേക താത്പര്യമെടുത്ത് പ്രകാശനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയും ഡിഎവൈ-എൻയുഎൽഎം പദ്ധതിയ്ക്ക് സുതാര്യത ഉറപ്പു വരുത്തുവാനുമായി എസ്ഇപി പ്രകാരം കൈവരിക്കുന്ന മുഖ്യമായ പുരോഗതി റിപ്പോർട്ടുകൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് അറിയുവാനുള്ള അവസരം നൽകുകയും ചെയ്യേണ്ടതാണ്.

13.3. പദ്ധതിയുടെ പ്രയോജനത്തിന്റെ പ്രഭാവം വിലയിരുത്തുവാനും എസ്ഇപി ഗുണഭോക്താക്കൾ എന്തെങ്കിലും വിധത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ടെങ്കിൽ അവയെക്കുറിച്ചറി യാനുമായി എല്ലാ എസ്ഇപി ഗുണഭോക്താക്കളെയും നിയത കാലംതോറും സന്ദർശിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ഓർഗനൈസർമാർ (സിഒ) അവരുടെ നിയമപാലനാധികാരത്തിൻ കീഴിൽ വരുന്ന എല്ലാ ഗുണഭോക്താക്കളെയും മൂന്ന് മാസത്തിലൊരിക്കലെങ്കിലും സന്ദർശി ക്കേണ്ടതാണ്. സിഎംഎംയു തലത്തിലുള്ള പ്രോജക്ട് ഓഫീസർ/സാങ്കേതിക വിദഗ്ദ്ധർ 50% ഗുണഭോക്താക്കളെയെങ്കിലും മൂന്ന് മാസത്തിലൊരിക്കൽ സന്ദർശിക്കണം. ഫീൽഡ് സന്ദർശന വേളയിൽ അവർ നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കേണ്ടതും എംഐഎസ് അപ്ലോഡ് ചെയ്യേണ്ടതുമാണ്.

13.4. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന ഫീൽഡ് സന്ദർശനവേളയിൽ ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സ്ഥിതിവിവര ങ്ങൾ ശേഖരിക്കേണ്ടതും, പദ്ധതിപ്രകാരം ലഭിക്കുന്ന പ്രയോജനം ഗുണഭോക്താക്കളുടെ സാമ്പത്തിക സാഹചര്യങ്ങളിൽ സൃഷ്ടിക്കുന്ന പ്രഭാവത്തെക്കുറിച്ച് മനസ്സിലാക്കുന്നതിലേക്കായി, അവ വായ്പയ്ക്കാ യുള്ള അപേക്ഷാ ഫോറത്തിൽ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് നൽകിയിരുന്ന വിവരങ്ങളുമായി താരതമ്യം ചെയ്തു നോക്കേണ്ടതുമുണ്ട്.

13.5. ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയിന്മേൽ എസ്ഇപി -യിൽ നിന്നും ലഭിച്ച പ്രയോജനം സൃഷ്ടിച്ച പ്രഭാവത്തെ അനുയോജ്യമായ ഇടവേളകളിൽ നിർണ്ണയിക്കുന്നതിനായി പ്രഭാവ വിശകലനപഠനങ്ങളും കൂടി നടത്തേണ്ടതാണ്.

13.6. ഡിഎവൈ-എൻയുഎൽഎം ടാർജറ്റുകളുടെ അടിസ്ഥാനത്തിൽ കൈവരിച്ച പുരോഗതി സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോർമാറ്റിൽ (അനുബന്ധം III & IV) പാദവർഷാടിസ്ഥാനത്തിൽ പ്രോഗ്രസ്സ് റിപ്പോർട്ടുകൾ യുപിഎ -യുടെ ഡയറക്ടർമാർക്ക് dupa-mhupa@nic.in എന്ന ഇമെയിൽ വിലാസ ത്തിലും ഒപ്പം ആർബിഐ യുടെ ഇമെയിൽ

വിലാസത്തിലും ഓരോ പാദവർഷവും പൂർത്തിയായി ഒരു മാസാവസാനത്തോടെ അയച്ചുകൊടുക്കേണ്ടതാണ്.

13.7. എൻയുഎൽഎം പദ്ധതി പ്രകാരമുള്ള വായ്പകൾക്കായുള്ള യൂണിക് കോഡ് :

ഈ വായ്പകൾ ബാങ്ക് കാർഷികേതര മേഖലയിലുൾപ്പെടുത്തി തരം തിരിക്കേണ്ടതും അവർ എൻയുഎൽഎം പദ്ധതിപ്രകാരം നൽകുന്ന വായ്പകൾക്കായുള്ള അവരുടെ ഡാറ്റാബേസിൽ യൂണിക് സബ്കോഡ് ഉപയോഗിക്കേണ്ടതുമാണ്. മാത്രമല്ല, എസ്ഇപി-I, എസ്ഇപി- ജി, എസ്എച്ച്ജി, ഡബ്ള്യുഎസ്എച്ച്ജി എന്നിവയ്ക്കായി സബ്-സബ്-കോഡുകൾ നൽകേണ്ടതുമാണ്. ഡബ്ലിയുഎസ്എച്ച്ജി 3 ശതമാനം അധിക പലിശ ധനസഹായത്തി നർഹമായതിനാൽ എൻയു എൽഎം പ്രകാരമുള്ള എസ്എച്ച്ജിയും ഡബ്ലിയു എസ്എച്ച്ജി യുമായി ബന്ധപ്പെട്ട വായ്പകളെ തരംതിരിക്കുമ്പോൾ, ഈ വായ്പകളെ വേർതിരിച്ചു കാണുവാൻ കഴിയുന്നതിനാവശ്യമായ പ്രത്യേക ശ്രദ്ധ പ്രകടിപ്പിക്കേണ്ടതാണ്.

അനുബന്ധം - I

**<u>ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന മിഷൻ</u>**
**<u>(ഡിഎവൈ-എൻയുഎൽഎം) പ്രകാരമുള്ള പലിശ ധനസഹായത്തിനായുള്ള അപേക്ഷ</u>**

1. <u>ബാങ്കിന്റെ പേര്</u>

ഡിഎവൈ-എൻയുഎൽഎം പ്രകാരം എസ്ഇപി-I(ഐ) എസ്ഇപി-ജി, എസ്എച്ച്ജി-കൾ എന്നിവയ്ക്ക് ഏഴു ശതമാനം പലിശ നിരക്കിൽ വായ്പകൾ നൽകാനായി പലിശ സബ്സിഡിയ്ക്കായുള്ള അപേക്ഷകളുടെ സമർപ്പണം. (അക്കങ്ങൾ രൂപയിൽ)

ധനപരമായ സഹായം അനുവദിക്കപ്പെട്ട താഴെക്കൊടുത്തിരിക്കും പ്രകാരമുള്ള ......................................വായ്പാ അക്കൗണ്ടുകൾക്കായി മൊത്തം ................................ രൂപ (രൂപ.........................................) യ്ക്കുള്ള പലിശ സബ്സിഡി അനുവദിക്കാനും വിട്ടു നൽകാനുമായി ഞങ്ങൾ അപേക്ഷ സമർപ്പിക്കുന്നു.

എ) എസ്ഇപി-I(ഐ) (വ്യക്തിഗത സംരംഭം)

| **നമ്പർ** | **ശാഖ** | **വായ്പ എടുത്തയാളുടെ പേര്** | **വായ്പാ അക്കൗണ്ട് നമ്പർ** | **വായ്പത്തുക (രൂപ)** | | **പലിശ (രൂപ)** | |
|---|---|---|---|---|---|---|---|
| | | | | അനുവദിച്ചത് | വിതരണം ചെയ്തത് | ചുമത്തിയത് | ആവശ്യപ്പെടുന്ന സബ്സിഡി |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| | ആകെ | | | | | | |

ബി) എസ്ഇപി-ജി (ഗ്രൂപ്പ് സംരംഭം)

| **നമ്പർ** | **ശാഖ** | **ഗ്രൂപ്പിന്റെ പേര്** | **വായ്പാ അക്കൗണ്ട് നമ്പർ** | **വായ്പത്തുക (രൂപ)** | | **പലിശ (രൂപ)** | |
|---|---|---|---|---|---|---|---|
| | | | | അനുവദിച്ചത് | വിതരണം ചെയ്തത് | ചുമത്തിയത് | ആവശ്യപ്പെടുന്ന സബ്സിഡി |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| | ആകെ | | | | | | |

സി) എസ്ജിപി-എസ്എച്ച്ജി (സ്വയംസഹായസംഘം-ബാങ്ക് ലിങ്കേജ്)

| **നമ്പർ** | **ശാഖ** | **വായ്പ എടുത്ത** എസ്എച്ച്ജിയുടെ **പേര്** | **വായ്പാ അക്കൗണ്ട് നമ്പർ** | **വായ്പത്തുക (രൂപ)** | | **പലിശ (രൂപ)** | |
|---|---|---|---|---|---|---|---|
| | | | | അനുവദിച്ചത് | വിതരണം ചെയ്തത് | ചുമത്തിയത് | ആവശ്യപ്പെടുന്ന സബ്സിഡി |
| **1** | **2** | **3** | **4** | **5** | **6** | **7** | **8** |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| | ആകെ | | | | | | |

സ്ഥലം

(ബാങ്കിന്റെ
അധികാരപ്പെടുത്തപ്പെട്ട
ഓഫീസറുടെ ഒപ്പ്)

ബാങ്കിന്റെ മുദ്രയും തീയതിയും

അനുബന്ധം- II

**ഡിഎവൈ-എൻയുഎൽഎം പ്രകാരം  വനിതാ സ്വയം സഹായസംഘങ്ങൾ (എസ്ഇപി-ഡബ്ല്യുഎസ്എച്ച്ജി-കൾ) ക്കായി പ്രതിവർഷം 3 % നിരക്കിൽ അധികമായി നൽകുന്ന പലിശ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ  സമർപ്പിക്കേണ്ടുന്നവിധം**

**ബാങ്കിന്റെ പേര്**

**പാദവർഷാടിസ്ഥാനത്തിലുള്ള ക്ലെയിം അപേക്ഷകളുടെ സ്റ്റേറ്റ്മെന്റ്: വിതരണം ചെയ്ത/ബാക്കി നിൽക്കുന്ന വായ്പകൾ (അക്കങ്ങൾ രൂപയിൽ)**

| നമ്പർ | ശാഖ | ഡബ്ല്യുഎസ് എച്ച്ജിയുടെ പേര് | വായ്പാ അക്കൗണ്ട് നമ്പർ | വിതരണം ചെയ്തവായ്പത്തുക (രൂപ) | പലിശ ധനസഹായതുക (രൂപ) |
|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** |
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| | **ആകെ** | | | | |

മുകളിൽ പറഞ്ഞിരിക്കുന്ന വായ്പകൾ കൃത്യമായി തിരിച്ചടച്ചിട്ടുള്ള വയാണെന്നും, കൃത്യമായി തിരിച്ചടച്ചതിനാൽ യഥാർത്ഥത്തിൽ ഡബ്ല്യുഎസ്എച്ച്ജി-കളുടെ പലിശ നിരക്ക് 4% മായി കുറയുന്ന രീതിയിൽ അധിക പലിശ ധനസഹായത്തിന്റെ പ്രയോജനം  ഡബ്ല്യുഎസ്എച്ച്ജി കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഞങ്ങൾ ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

സ്ഥലം

(ബാങ്കിന്റെ
അധികാരപ്പെടുത്തപ്പെട്ട
ഓഫീസറുടെ ഒപ്പ്)

ബാങ്കിന്റെ  മുദ്രയും തീയതിയും

അനുബന്ധം- III

**ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന മിഷൻ (ഡിഎവൈ-എൻയുഎൽഎം) പ്രകാരമുള്ള ടാർജറ്റുകൾ പ്രദർശിപ്പിക്കുന്ന സ്റ്റേറ്റ്മെന്റ്**

1. ബാങ്കിന്റെ പേര്

റിപ്പോർട്ട് ചെയ്യുന്ന വർഷം (ടാർജറ്റ് നൽകുമ്പോൾ എത്തിച്ചുകൊടുക്കേണ്ടത്)

യഥാർത്ഥമായ എണ്ണം & തുക ലക്ഷം രൂപയിൽ

| ക്രമ നമ്പർ | സംസ്ഥാനം/ കേന്ദ്രഭരണപ്രദേശം | വ്യക്തി ഗത (എസ്ഇപി-ഐ)ടാർജറ്റ് | | ഗ്രൂപ്പുകൾ (എസ്ഇപി-ജി) ക്കായുള്ള ടാർജറ്റ് | | | എസ്എച്ച്ജി ബാങ്ക് ലിങ്കേജിനായുള്ള ടാർജറ്റ് | | | ആകെ (ടാർജറ്റ്) | |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | തുക | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | തുക | എസ്എച്ച്ജികളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | തുക | ആകെ എണ്ണം | ആകെ തുക |
| 1 | ആൻഡമാൻ& നിക്കോബാർ | | | | | | | | | 0 | 0.00 |
| 2 | ആന്ധ്രപ്രദേശ് | | | | | | | | | 0 | 0.00 |
| 3 | അരുണാചൽപ്രദേശ് | | | | | | | | | 0 | 0.00 |
| 4 | അസം | | | | | | | | | 0 | 0.00 |
| 5 | ബിഹാർ | | | | | | | | | 0 | 0.00 |
| 6 | ചണ്ഡിഗഢ് | | | | | | | | | 0 | 0.00 |
| 7 | ചത്തീസ്ഗഢ് | | | | | | | | | 0 | 0.00 |
| 8 | ദാദ്ര&നാഗർ ഹവേലി | | | | | | | | | 0 | 0.00 |
| 9 | ദാമൻ&ദിയു | | | | | | | | | 0 | 0.00 |
| 10 | ഡൽഹി | | | | | | | | | 0 | 0.00 |
| 11 | ഗോവ | | | | | | | | | 0 | 0.00 |
| 12 | ഗുജറാത്ത് | | | | | | | | | 0 | 0.00 |
| 13 | ഹരിയാന | | | | | | | | | 0 | 0.00 |
| 14 | ഹിമാചൽപ്രദേശ് | | | | | | | | | 0 | 0.00 |
| 15 | ജമ്മു & കാശ്മീർ | | | | | | | | | 0 | 0.00 |
| 16 | ജാർഘണ്ഡ് | | | | | | | | | 0 | 0.00 |
| 17 | കർണാടക | | | | | | | | | 0 | 0.00 |
| 18 | കേരളം | | | | | | | | | 0 | 0.00 |
| 19 | ലക്ഷദ്വീപ് | | | | | | | | | 0 | 0.00 |
| 20 | മദ്ധ്യപ്രദേശ് | | | | | | | | | 0 | 0.00 |
| 21 | മഹാരാഷ്ട്ര | | | | | | | | | 0 | 0.00 |
| 22 | മണിപ്പൂർ | | | | | | | | | 0 | 0.00 |
| 23 | മേഘാലയ | | | | | | | | | 0 | 0.00 |
| 24 | മിസോറം | | | | | | | | | 0 | 0.00 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 25 | നാഗാലാൻഡ് | | | | | | | | | 0 | 0.00 |
| 26 | ഒഡീഷ | | | | | | | | | 0 | 0.00 |
| 27 | പുതുച്ചേരി | | | | | | | | | 0 | 0.00 |
| 28 | പഞ്ചാബ് | | | | | | | | | 0 | 0.00 |
| 29 | രാജസ്ഥാൻ | | | | | | | | | 0 | 0.00 |
| 30 | സിക്കിം | | | | | | | | | 0 | 0.00 |
| 31 | തമിഴ്നാട് | | | | | | | | | 0 | 0.00 |
| 32 | തെലങ്കാന | | | | | | | | | 0 | 0.00 |
| 33 | ത്രിപുര | | | | | | | | | 0 | 0.00 |
| 34 | ഉത്തരാഘണ്ട് | | | | | | | | | 0 | 0.00 |
| 35 | ഉത്തർപ്രദേശ് | | | | | | | | | 0 | 0.00 |
| 36 | വെസ്റ്റ് ബംഗാൾ | | | | | | | | | 0 | 0.00 |
| | മൊത്തം | 0 | 0.00 | 0 | 0 | 0. 00 | 0 | 0 | 0. 00 | 0 | 0. 00 |